## സബ്മിഷൻ

### നെല്ലിയാമ്പതി എസ്റ്റേറ്റുകൾ കെ.എഫ്. ഡി.സി.ക്ക് കൈമാറൽ

ശ്രീ. എ. എ. അസീസ്: സർക്കാർ ഏറ്റെടുത്തിട്ടുള്ള നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി കെ.എഫ്.ഡി.സി-ക്ക് കൈമാറണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. നെല്ലിയാമ്പതി പഞ്ചായത്ത് പൂർണ്ണമായും തോട്ടം മേഖലയാണ്. നെല്ലിയാമ്പതിയിൽ ചെറുതും വലുതുമായ 56 എസ്റ്റേറ്റുകളാണുള്ളത്. മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പുതന്നെ വനവും തോട്ടങ്ങളും വേർതിരിച്ച് അതിർത്തികൾ നിശ്ചയിച്ച് വനംവകുപ്പ് ജണ്ടകൾ സ്ഥാപിച്ചിട്ടുണ്ട്. 2010-2011 കാലഘട്ടത്തിൽ തോട്ടങ്ങൾ തോട്ടങ്ങളായിത്തന്നെ നിലനിറുത്തുമെന്നും വനം പരിസ്ഥിതി സംവേദന മേഖലയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന 26.05.2009-ലെ 353/09 M നമ്പരായും 09.06.2009-ന് 7649/F2/2009 വനം നമ്പരായുമുള്ള സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്. എന്നാൽ അതിന് വിരുദ്ധമായി വനം വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദന മേഖലകളായി (എക്കണോമിക് സെൻസിറ്റീവ് മേഖല) സംസ്ഥാന വനം-വന്യജീവി ബോർഡ് നിയോഗിച്ച ഉപസമിതി, സർവ്വ കക്ഷി യോഗം പോലും വിളിച്ചുകൂട്ടാതെ 23.01.2013-ന് പറമ്പിക്കുളത്ത് വച്ച് നടത്തിയെന്നു പറയുന്ന യോഗത്തിൽ ഏകപക്ഷീയമായി പ്രഖ്യാപിച്ചിരിക്കുന്നു. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകൾ വനം-വന്യജീവി പാരിസ്ഥിതിക സംവേദന മേഖലകളായി പ്രഖ്യാപിച്ചാൽ ഇവിടത്തെ തോട്ടങ്ങൾ നാമാവശേഷമാകുകയും തൊഴിലാളികൾക്ക് തൊഴിലവസരങ്ങളും ആനുകൂല്യങ്ങളും നഷ്ടപ്പെടുകയും ചെയ്യും. ആയതിനാൽ തോട്ടങ്ങൾ തോട്ടങ്ങ

ളായിത്തന്നെ നിലനിറുത്തേണ്ടതാണ്. സർക്കാർ ഏറ്റെടുത്തിട്ടുള്ള തൂത്തംപാറ, റോസറി, ബിയാട്രീസ്, മീരാഫ്ളോർ എന്നീ എസ്റ്റേറ്റുകൾ കഴിഞ്ഞ ഒമ്പത് മാസങ്ങളായി കേരള വനം വികസന കോർപ്പറേഷനാണ് നടത്തിവരുന്നത്. എന്നാൽ ഏറ്റവും കൂടുതൽ ഉത്പാദനം ലഭിക്കുന്ന തൂത്തംപാറ എസ്റ്റേറ്റ് 2013 ജനുവരി മുതൽ കെ.എഫ്.ഡി.സി-യിൽ നിന്ന് വനംവകുപ്പ് തിരിച്ചുപിടിച്ചു. ഇതുമൂലം തൂത്തംപാറ എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് പി.എഫ് ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുകയും നിഷേധിക്കുകയും ചെയ്യുന്നു. ആയതിനാൽ സർക്കാർ ഏറ്റെടുത്തിട്ടുള്ളതും ഇനി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതുമായ മുഴുവൻ എസ്റ്റേറ്റുകളും പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി കെ.എഫ്.ഡി.സി-ക്ക് കൈമാറി തൊഴിലാളികൾക്ക് തൊഴിലും ആനുകൂല്യങ്ങളും നീതിയും ലഭിക്കുവാൻ അവസരം ഉണ്ടാക്കണമെന്നാണ് എന്റെ സബ്മിഷൻ.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നെല്ലിയാമ്പതി പഞ്ചായത്തിലെ VII, VIII വാർഡുകൾ വൻകിടതോട്ടങ്ങൾ ഉൾപ്പെടുന്ന പ്രദേശമാണ്. ഭൂപരിധി നിജപ്പെടുത്തുന്നതിനെ സംബന്ധിച്ച് ജനപ്രതിനിധികളുമായി പ്രത്യേകം ചർച്ച നടത്തി പാരിസ്ഥിതിക സംവേദന മേഖലകൾ നിർണ്ണയിക്കുന്നതിന് തീരുമാനമെടുക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഏകപക്ഷീയമായ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല, എടുക്കുകയുമില്ല. വന്യജീവിസങ്കേതങ്ങൾക്ക് ചുറ്റുമുള്ള പ്രദേശങ്ങളെ പാരിസ്ഥിതിക സംവേദന മേഖലയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാനസർക്കാരിന്റെ

അഭിപ്രായമറിയിക്കുമ്പോൾ ജനപ്രതിനിധികളുടെ ആശങ്കകൾകൂടി ഉൾക്കൊണ്ട് മാത്രമേ കൊടുക്കുകയുള്ളൂ. വൈൽഡ് ലൈഫ് ബോർഡിന്റെ ഒരു ഉപസമിതി അവിടം സന്ദർശിച്ചപ്പോൾ അവിടത്തെ ജനപ്രതിനിധികളും പൊതുപാർട്ടി അംഗങ്ങളും ചേർന്ന് ഐകകണ്ഠേന എടുത്ത തീരുമാനങ്ങൾ അറിയിച്ചിട്ടുണ്ട്. ഇത് കേന്ദ്രഗവൺമെന്റിനെ അറിയിക്കും. കേന്ദ്രഗവൺമെന്റ് അത് യുക്തമായി പഠിച്ചതിനുശേഷം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിക്കും. ബഹുമാനപ്പെട്ട സുപ്രീംകോടതിയാണ് ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി സംസ്ഥാനസർക്കാരുകൾക്ക് ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ അവസരം നൽകിയിരിക്കുകയാണ്. ആ അവസരം ഉപയോഗപ്പെടുത്തി ക്കൊണ്ട് ജനങ്ങളുടെയും ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും താൽപര്യങ്ങൾ മുൻനിറുത്തി ഇതിനെക്കുറിച്ച് പഠിക്കുവാൻ വേണ്ടിമാത്രമാണ് ഇത്തരത്തിലൊരു ഉപസമിതിയെ വച്ചത്. ഇക്കാര്യം ഏകപക്ഷീയമായി ഉദ്യോഗസ്ഥൻമാരെ ഏൽപ്പിക്കുന്നത് തെറ്റാണ്. ജനങ്ങളുടെ വികാരങ്ങൾ പ്രതിഫലിക്കുന്നതിനായി ജനപ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമിതി (ഇന്നലെ വയനാട് സന്ദർശിച്ചിരുന്നു) ഐകകണ്ഠേന എടുക്കുന്ന തീരുമാനങ്ങളാണ് നടപ്പിലാക്കുന്നത്. തോട്ടം മേഖലയിൽ, ഈ പറയുന്ന സ്ഥലങ്ങളിലെ എസ്റ്റേറ്റുകളൊന്നും ഇതിൽ ഉൾപ്പെടുകയില്ല. ഉൾപ്പെട്ടാൽത്തന്നെ അവിടത്തെ തൊഴിലാളികൾ ഉൾപ്പെടുന്നില്ലെന്നു മാത്രമല്ല തോട്ടങ്ങളുടെ പരിപാലനത്തിനോ തൊഴിലാളികളുടെ പ്രവർത്തനങ്ങൾക്കോ യാതൊരു തടസ്സവും ഉണ്ടാകുകയില്ല. ബഹുമാനപ്പെട്ട അംഗം ഒരു കാര്യം കൂടി മനസ്സിലാക്കണം. ഈ തോട്ടത്തിൽ ആകെ 82 തൊഴിലാളികളുണ്ട്. അതിൽ 64 പേരും

മീരാഫ്ളോർ എസ്റ്റേറ്റിലാണുള്ളത്. ഇവർക്കെല്ലാം ഇപ്പോൾ ജോലി കൊടുത്തിട്ടുണ്ട്. താങ്കൾ പറഞ്ഞതുപോലെ തൂത്തംപാറ എസ്റ്റേറ്റിലെ ഓർഗാനിക് കൃഷി നടത്തിയിരുന്ന എസ്റ്റേറ്റിൽ ഓർഗാനിക് കൃഷി തന്നെ തുടരാൻ തീരുമാനിച്ചിട്ടുണ്ട്. അത് വനം വികസന കോർപ്പറേഷന് നൽകണമെന്ന താങ്കളുടെ ആശയം വളരെ പുരോഗമനപരമാണ്. ഈ ആശയം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇപ്പോൾ അവരെ ത്തന്നെയാണ് മാനേജ് ചെയ്യാൻ ഏൽപ്പിച്ചിരിക്കുന്നത്. പക്ഷേ കൂടുതൽ തൊഴിലാളികൾക്കും നാട്ടുകാർക്കും ജോലികിട്ടാൻ വേണ്ടി വനം വകുപ്പുതന്നെ അവിടെ വി.എസ്.എസ്-കൾ രൂപീകരിച്ചു. നെല്ലിയാമ്പതിയിൽ താമസിക്കുന്ന പരമാവധി ചെറുപ്പക്കാർക്ക് വി.എസ്.എസ്. വഴി ജോലി കൊടുക്കുവാനുള്ള പദ്ധതിയാണ് ഇപ്പോൾ വനംവകുപ്പ് ആസൂത്രണം ചെയ്യുന്നത്. 2012 സീസണിലെ വിളവെടുപ്പ് തുടരുന്നു. പി.എൽ.സി. അടിസ്ഥാനത്തിലുള്ള അവരുടെ ആനുകൂല്യങ്ങൾ നൽകിവരുന്നു. വേതനത്തിന്റെ കുടിശ്ശിക, ബോണസ് ഇവയെല്ലാം നൽകുകയാണ്. ഞാൻ തൂത്തമ്പാറ എസ്റ്റേറ്റിൽ പോയിരുന്നു. അവിടെ താമസിക്കുന്നവരിൽ 6 പേർ മാത്രമാണ് അവിടെയുള്ള തൊഴിലാളികൾ. പക്ഷേ അവിടെ പന്ത്രണ്ടോളം ആളുകൾ താമസമുണ്ട്. ഇത് തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങളാണ്. ഈ 12 പേർക്കും ഇപ്പോൾ അവിടെ ജോലി കൊടുക്കുവാനുള്ള നടപടിയുണ്ട്. ഇനി 100 ആളുകൾകൂടി വന്നാലും ജോലി കൊടുക്കുവാനുള്ള സാഹചര്യം അവിടെയുണ്ട്, അത് കൊടുക്കും. അവരുടെ ആനുകൂല്യങ്ങൾ കൊടുക്കും. തൊഴിലിനെ സംബന്ധിച്ച് യാതൊരു ആശങ്കയും വേണ്ട. ഗവൺമെന്റ് നേരത്തെതന്നെ ചെയ്യുവാൻ ഉദ്ദേശിച്ച കാര്യം തന്നെയാണ് താങ്കൾ

നിർദ്ദേശിച്ചത്. കെ.എഫ്.ഡി.സി. ക്ക് ഇത് കൈമാറുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുവാദം വാങ്ങണം. വനഭൂമി ലീസായിട്ടുമാത്രമേ കെ.എഫ്.ഡി.സി. യെ ഏൽപ്പിക്കുവാൻ സാധിക്കൂ. അതിന്റെ അനുമതിക്കാവശ്യമായ നടപടികൾ വനംവകുപ്പ് തുടർന്നുകൊണ്ടിരിക്കുകയാണ്. കെ.എഫ്.ഡി.സി.യെ തന്നെ ഇതിന്റെ ചുമതല ഏൽപ്പിക്കും എന്നറിയിക്കുന്നു.

## ദേശീയ വോളിബോൾ താരങ്ങൾക്ക് അർഹമായ പരിഗണന

ശ്രീ. ഇ. കെ. വിജയൻ: സർ, ദേശീയ വോളിബോൾ താരങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കാത്ത സ്ഥിതിയെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കഴിഞ്ഞമാസം ജയ്പൂരിൽ വച്ചുനടന്ന ദേശീയ വോളിബോൾ മത്സരത്തിൽ നമ്മുടെ പുരുഷ ടീം ദേശീയ കിരീടം നേടുകയും വനിതാ ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. കൊടും തണുപ്പായിരുന്നെങ്കിലും ഒത്തിണക്കത്തോടെ കളിച്ച് ഏറെ കരുത്തരായ എതിരാളികളെ നേരിട്ടാണ് ഈ വിജയം ആവർത്തിച്ചത്. എന്നാൽ ഇവർക്ക് നൽകുന്ന പ്രതിഫല ബത്ത, 'ഈ മിടുക്കന്മാർക്ക് പ്രതിഫലം ദിവസം 150 രൂപ' എന്ന തലക്കെട്ടോടെ മലയാള മനോരമ പത്രത്തിലൂടെ നാം അറിഞ്ഞു. ഒരു നേരത്തെ ചായയ്ക്ക് ഇത് തികയുമോ? കേരളം പരാജയപ്പെടുത്തിയ ഹരിയാന, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ ടീമുകളുൾപ്പെടെയുള്ള ടീമുകൾ കളിക്കാർക്ക് 800 രൂപ നൽകുന്നുണ്ട്. ഇവരുടെ യാത്ര എ. സി. കോച്ചിലാണെന്ന് മന്ത്രി നേരത്തെ പറഞ്ഞിരുന്നു. അവർ സ്ളീപ്പർ ക്ലാസ്സിലാണ് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്തത്. അവരുടെ ആരോഗ്യം സംരക്ഷിക്കേണ്ട ബാധ്യത നമ്മുടെ സംസ്ഥാനത്തിന്റേതല്ലേ? ടീം

അംഗങ്ങൾക്ക് പാരിതോഷികങ്ങളൊന്നും പ്രഖ്യാപിച്ചതായി അറിയില്ല. ചുരുങ്ങിയത് ഒരു ലക്ഷം രൂപ വീതം അവർക്ക് നൽകണം. നമ്മുടെ കളിക്കാരെ കൊണ്ടുപോകാൻ ഇന്ത്യയിലെ ഒട്ടേറെ ടീമുകൾ പരിശ്രമിക്കുന്നുണ്ട്. ടോം ജോസഫിനെപ്പോലെയുള്ള ചില കളിക്കാരെ വിദേശ ടീമുകളും നോട്ടമിട്ടിട്ടുണ്ട്. ഇത് തടയണമെങ്കിൽ മതിയായ പ്രോത്സാഹനം അവർക്ക് ലഭിക്കണം. പ്രൊമോഷൻ, മാന്യമായ തൊഴിൽ എന്നിവ ഉറപ്പുവരുത്തണം. ടോം ജോസഫെന്ന ലോകോത്തര വോളിബോൾ താരത്തിന്റെ മിന്നുന്ന പ്രകടനം കൂടിയാണ് നമ്മുടെ വിജയത്തിന് ആധാരം. എത്രയോ നല്ല ഓഫറുകൾ നിരസിച്ച് നാൽപ്പതോളം തവണ ഇന്ത്യയെ പ്രതിനിധീകരിച്ചും 13 വർഷമായി ഇന്ത്യൻ ടീമിൽ അംഗമായും കളിക്കുന്നു. 1999 മുതൽ ഇന്ത്യൻ ടീമിൽ കളിച്ചുതുടങ്ങിയതാണ്. എന്നാൽ 2008 ൽ ടീമിൽ വന്ന ഹരിയാനക്കാരൻ വിജയകുമാറിനും സമകാലീകനായ കപിൽദേവിനും അർജ്ജുന അവാർഡ് ലഭിച്ചിട്ടുണ്ട്. നാല് ദേശീയ കിരീടം കേരളത്തിന് നേടിത്തന്ന ടോം ജോസഫിന്റെ പങ്ക് നിർണ്ണായകമാണ്. ജിമ്മി ജോർജ്ജിന് ശേഷം മിന്നുന്ന പ്രകടനം കാഴ്ചവച്ച ടോം ജോസഫിന് എന്തുകൊണ്ടും അർഹതയുള്ളതാണ് അർജ്ജുന അവാർഡ്. കേവലം നാട്ടിൻപുറത്തുകാരൻ ദേശസ്നേഹത്തിന്റെ പേരിൽ ഗൾഫ് ടീമിലേയ്ക്ക് ചേക്കേറാതെ കേരളത്തിനുവേണ്ടിയും ഇന്ത്യയ്ക്കുവേണ്ടിയും കളിക്കുന്നുവെന്നത് നമുക്ക് എത്ര അഭിമാനകരമാണ്. ഈ മിടുക്കൻമാർക്കും മിടുക്കികൾക്കും വേണ്ട പ്രോത്സാഹനം നൽകാനുള്ള നടപടികൾ ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടാകണമെന്ന് കേരളത്തിലെ

മുഴുവൻ വോളിബോൾ പ്രേമികൾക്കുവേണ്ടിയും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വലിയ നേട്ടം തന്നെയാണ് കഴിഞ്ഞ രണ്ടുവർഷങ്ങളിൽ, 60-ാം ദേശീയ സീനിയർ വോളിബോളിലും 61-ാം ദേശീയ വോളിബോളിലും നമ്മുടെ ടീമുകൾ കൈവരിച്ചത്. പുരുഷ ടീമുകൾ ഒന്നാമത് എത്തുകയും വനിതാ ടീം രണ്ടാമത് എത്തുകയും ചെയ്തു. അതിൽ കഴിഞ്ഞ വർഷം ജയിച്ചവർക്ക് പാരിതോഷികം നൽകിയിരുന്നു. ഇത്തവണ ജയിച്ചവർക്കും പാരിതോഷികത്തിന് അർഹതയുണ്ട്. അത് നൽകുമെന്ന് ഞാൻ ആദ്യമായി അറിയിക്കുകയാണ്. അതിന്റെ നടപടിക്രമങ്ങൾ തുടർന്നു കൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, അർഹതപ്പെട്ടവരെ പുറത്തുനിറുത്തിക്കൊണ്ട് അനർഹർ ജോലിയിൽ പ്രവേശിക്കുന്ന ഒരു സാഹചര്യം കേരളത്തിലുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 106 പേർക്കാണ് സ്പോർട്ട്സ് ക്വാട്ടയിൽ ജോലി കൊടുത്തത്. ഈ വർഷത്തെയും കഴിഞ്ഞവർഷത്തെയും ഉൾപ്പെടെ നാലു വർഷത്തെ ബാക്ക്ലോഗുണ്ടായിരുന്നു. അതിൽ രണ്ടുവർഷത്തേത് ഇനിയും നികത്താനുണ്ട്. അതിൽ ക്രമക്കേടുകളുണ്ടാകാതിരിക്കുവാൻ വേണ്ടി നമ്മുടെ എൻട്രൻസ് പരീക്ഷയുടെ മോഡലിൽ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC) നെക്കൊണ്ട് ഒരു സോഫ്റ്റ്വെയർ ഉണ്ടാക്കി നേട്ടങ്ങൾ കമ്പ്യൂട്ടറിലാക്കുകയും കമ്പ്യൂട്ടർ തന്നെ ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്ന് ജോലി കൊടുക്കുകയും ചെയ്യുന്ന രീതിയിലേയ്ക്ക് മാനദണ്ഡങ്ങൾ

മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് കഴിഞ്ഞ വർഷത്തേയും ഇനി വരാൻ പോകുന്ന വർഷത്തേയും നിയമനങ്ങൾ മുഴുവൻ കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് ഒരു വ്യക്തിക്കും സ്വാധീനിക്കുവാൻ കഴിയാത്തവിധം നീതിപൂർവ്വം നൽകണം. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പലർക്കും അർഹതപ്പെട്ടത് സമയത്ത് കിട്ടുന്നില്ല. ഒന്നാമതും രണ്ടാമതും എത്തുന്നയാളുകൾ റെയിൽവേ, സ്റ്റേറ്റ്ബാങ്കുകൾ പോലുള്ള സ്ഥാപനങ്ങളിലേയ്ക്ക് പോകും. പിന്നീട് വരുന്നവരെ ആ വർഷം നിയമിക്കുകയില്ല. നാലു വർഷമാകുമ്പോഴേയ്ക്കും ഒരുവിധം പ്രധാനപ്പെട്ട ആളുകളെല്ലാം ജോലികിട്ടി പോകും. പിന്നെ കളി കാണുവാൻ പോയവർ, കളിക്ക് സഹായിക്കുവാൻ പോയവർ എന്നിങ്ങനെയുള്ളവരാണ് പലപ്പോഴും ജോലിയിൽ കയറുന്നത്. ഇത് വളരെ നിരാശാജനകമാണ്, നീതി നിഷേധമാണ്. തിരുവനന്തപുരത്തെ വിജിലൻസ് കോടതിയുടെ പരിഗണനയിൽപ്പോലും അനർഹർ ജോലി നേടിയതുമായി ബന്ധപ്പെട്ട് കേസുകളുണ്ട്. അർഹതപ്പെട്ടവർക്ക് കിട്ടാതിരിക്കുകയും അനർഹർക്ക് കിട്ടുകയും ചെയ്യുന്നു. ഇത് പരിഹരിക്കുവാൻ കർശനമായ നടപടിയെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ പൂർത്തിയായി വരികയാണ്. അതിന്റെ പ്രസന്റേഷൻ, മാനദണ്ഡങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ എല്ലാവർക്കും മനസ്സിലാകത്തക്ക രീതിയിൽ സുതാര്യമായ നിലയിൽ അവതരിപ്പിക്കും. അർഹതപ്പെട്ടവർക്ക് ആദ്യം കൊടുക്കണം. ഇന്ന ദിവസം തനിക്ക് ജോലികിട്ടുമെന്ന് ഒരു കായികതാരത്തിന് ഉറപ്പ് കൊടുക്കുന്ന സംവിധാനം, അതായത് ജനുവരിയിൽ അല്ലെങ്കിൽ ഫെബ്രുവരി മാസം അവസാനിക്കുന്ന ദിവസം തനിക്ക് അപ്പോയ്മെന്റ് ഓർഡർ കയ്യിൽ

കിട്ടുമെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല അദ്ദേഹം റെയിൽവേ യാത്രയെക്കുറിച്ചു പറഞ്ഞു. ഞാൻ തന്നെയാണ് കായികതാരങ്ങളെ ട്രെയിനിൽ എ.സി. കോച്ചിൽ കൊണ്ടുപോകണമെന്ന നിർദ്ദേശം വച്ചത്. ആ നിർദ്ദേശം നടപ്പിലാക്കുവാനുളള പ്രധാന തടസ്സം -റെയിൽവേ സ്പോർട്സ് താരങ്ങൾക്ക് ഒരു ആനുകൂല്യം കൊടുക്കുന്നുണ്ട്. പക്ഷേ, അത് സെക്കന്റ് ക്ലാസ്സിനേ കൊടുക്കൂ, എ. സി. ക്ലാസ്സിന് കൊടുക്കില്ല എന്നതാണ്. എ. സി. കോച്ചിൽ അവരെ കൊണ്ടുപോകണമെങ്കിൽ സ്പോർട്ട്സ് കൗൺസിലിന് ഒരു വർഷം 300 ലക്ഷം രൂപയുടെ അധിക ബാധ്യത വരും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. അവരെ ട്രെയിനിൽ എ.സി.കോച്ചിൽത്തന്നെ കൊണ്ടുപോകണമെന്ന് ആഗ്രഹിക്കുന്നു. ടീം അംഗങ്ങളുടെ എണ്ണം കുറവാണങ്കിൽ നേരത്തെ ബുക്ക് ചെയ്താൽ കുറഞ്ഞ ചെലവിൽ വിമാനത്തിൽ കൊണ്ടുപോകാൻ കഴിയുമോ എന്നതിനെപ്പറ്റിയും സർക്കാർ ആലോചിക്കുന്നുണ്ട്. ഇതിനുവേണ്ടി എയർ ഇന്ത്യയുമായും വ്യോമയാന മന്ത്രി ശ്രീ. കെ. സി. വേണുഗോപാലുമായും മറ്റ് സ്വകാര്യ എയർ ലൈനുകളുമായിട്ടുമെല്ലാം ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. കായികതാരങ്ങളെ അന്തസ്സായ നിലയിൽത്തന്നെ കൊണ്ടുപോകും. 150 രൂപ ബാറ്റയെന്നു പറയുന്നത് കേരളത്തിന്റെ ദേശീയ ഭക്ഷണമായ പൊറോട്ടയും ഇറച്ചിയും കഴിക്കുവാൻ പോലും തികയുകയില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. നേരത്തെ അത് 75 രൂപയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് 150 രൂപയായി വർദ്ധിപ്പിച്ചത്. ഇനിയും അത് തീർച്ചയായും വർദ്ധിപ്പിക്കും.

## കെ.എസ്.ആർ.ടി.സി. ഭൂമിയിൽ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കൽ

ശ്രീ. എ. റ്റി. ജോർജ്: സർ, പാറശ്ശാല നിയോജകമണ്ഡലത്തിൽ നാഷണൽ ഹൈവേ-47 നോട് ചേർന്നുകിടക്കുന്ന കെ.എസ്.ആർ.ടി.സി. യുടെ ഭൂമിയിൽ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കണമെന്നാണ് എന്റെ ആവശ്യം. 1984-ൽ കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക്ഷോപ്പിനുവേണ്ടി 8 ഏക്കർ 80 സെന്റ് സ്ഥലം പാറശ്ശാല പഞ്ചായത്തിലെ ഇടിച്ചക്കപ്ലാമൂട് എന്ന സ്ഥലത്ത് പൊന്നും വിലയ്ക്കെടുത്തു. 1985-ൽ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻ പ്രവർത്തനങ്ങൾക്കുള്ള തറക്കല്ലിടുകയും ഏകദേശം 40 ലക്ഷം രൂപ ചെലവാക്കി ടി സ്ഥലം മണ്ണിട്ട് നികത്തി ചുറ്റുമതിൽ കെട്ടി ഒരു ആഫീസ് കെട്ടിടം പണിയുകയും ചെയ്തു. എന്നാൽ മാറിവന്ന സർക്കാരുകൾ പണി നിറുത്തലാക്കുകയും ആ സ്ഥലം ഇപ്പോൾ കാടുപിടിച്ച് അനാഥമായി കിടക്കുന്ന അവസ്ഥയിലുമാണ്. നാഷണൽ ഹൈവേ-47 നോട് ചേർന്ന് കിടക്കുന്ന 8 ഏക്കർ 80 സെന്റ് സ്ഥലവും ഭൂമിയും അതിൽ കെ.എസ്.ആർ.ടി.സി. മുടക്കിയ 40 ലക്ഷം രൂപയും നഷ്ടത്തിന്റെ കണക്ക് പറയുന്ന കെ.എസ്.ആർ.ടി.സി.ക്ക് വീണ്ടും നഷ്ടമായിത്തന്നെ നിൽക്കുകയും ചെയ്യുന്നു. ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കോളേജ് ആരംഭിക്കുമെന്ന് പറയുകയും അതിനുവേണ്ട നടപടികൾ തുടങ്ങുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തുവെങ്കിലും ഇന്നുവരെ അത് നടപ്പിലാക്കുവാനുള്ള നടപടികൾ

തുടങ്ങിയിട്ടില്ല എന്നുള്ളതാണ് സത്യം. ഈ പ്രദേശത്തുനിന്ന് ഏകദേശം 200 മീറ്ററോളം മാറി കന്യാകുമാരി ജില്ലയിൽ ഏകദേശം 50 സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു. നെയ്യാറ്റിൻകര താലൂക്കിൽ ഒരു പൊതുമേഖലാ എഞ്ചിനീയറിംഗ് കോളേജുപോലും ഇല്ലെന്നുള്ള സത്യവും നാം മനസ്സിലാക്കണം. കേരളത്തിലെ കുട്ടികളിൽ ഭൂരിഭാഗവും, പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിലേയും നെയ്യാറ്റിൻകര താലൂക്കിലേയും ഭൂരിഭാഗം കുട്ടികളും ഇന്ന് തമിഴ്നാട്ടിലേയ്ക്കാണ് പോകുന്നത്. ഇത് മനസ്സിലാക്കണമെങ്കിൽ രാവിലെയും വൈകുന്നേരവും തലസ്ഥാന നഗരിയിൽ നിന്ന് എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്കുള്ള ബസ്സുകളുടെ എണ്ണം തിട്ടപ്പെടുത്തിയാൽ മതി. കെ.എസ്.ആർ.ടി.സി., പാപ്പനംകോട് സെൻട്രൽ ഡിപ്പോയിൽ സ്ഥാപിച്ചിട്ടുള്ള ശ്രീചിത്രാ എഞ്ചിനീയറിംഗ് കോളേജിന്റെ മാതൃകയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് പാറശ്ശാലയിലും തുടങ്ങണമെന്നുള്ളതാണ് എന്റെ ആവശ്യം. പാറശ്ശാലയിൽ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതുവഴി സാങ്കേതികവിദ്യ പഠിക്കുന്ന കുട്ടികൾ ഉണ്ടാകുമെന്നുള്ളതുകൊണ്ടും കെ.എസ്.ആർ.ടി.സി. യുടെ വകയായ 8 ഏക്കറിലധികം സ്ഥലം അനാഥമായി കിടക്കുന്നത് ഉപയോഗിക്കുവാൻ കഴിയുമെന്നുള്ളതുകൊണ്ടും അവിടെ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഇതിന് മുമ്പും ഒരു സബ്മിഷൻ മുഖേന അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു. 29-07-2011-ൽ

കേരള ഹൈക്കോടതിയിൽ നിന്നും ഒരു വിധി വന്നു. വേണ്ടത്ര ഫാക്കൽറ്റി ഇല്ലാത്തതുകൊണ്ട് പല എൻജിനീയറിംഗ് കോളേജുകളിലും കുട്ടികളുടെ റിസൾട്ട് വളരെ മോശമാകുന്നുവെന്ന് ആ വിധിയിൽ പറഞ്ഞു. അതുകൊണ്ട് പുതുതായി കോളേജുകൾ അനുവദിക്കരുത്, ഇതിനെപ്പറ്റി ഒരു സ്റ്റഡി നടത്ത ണം, ഒരു ഫൈനൽ വിധി വരുന്നതുവരെ പുതിയ കോളേജുകൾ അനുവദി ക്കരുതെന്ന് വിലക്കി. അതുകൊണ്ട് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് എല്ലാ കോളേജുകളെയും വിളിച്ചുകൂട്ടി ഒരു സ്റ്റഡി നടത്തിയതിനുശേഷം വിശദവിവരങ്ങൾ ഹൈക്കോടതിയിൽ കൊടുത്തു. ഹൈക്കോടതി ഇത് റെസ്ട്രിക്റ്റ് ചെയ്യാനായി പറഞ്ഞു. ആ ഫൈനൽ ഓർഡറിന്റെ അടിസ്ഥാന ത്തിൽ ഇത് ക്യാബിനറ്റിൽ വയ്ക്കുകയും അടുത്ത കൊല്ലം കേരളത്തിലൊരി ടത്തും കോളേജുകളൊന്നും അനുവദിക്കേണ്ട എന്നൊരു തീരുമാനം എടു ക്കുകയും ചെയ്തു. ഇതിനുപുറമേ കോളേജുകൾ തുടങ്ങാനുള്ള സാമ്പ ത്തിക സ്ഥിതിയും നോക്കേണ്ടതുണ്ട്. നെയ്യാറ്റിൻകരയിൽ 8.57 ഏക്കർ സ്ഥലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ട്. അത് റീജിയണൽ വർക്ക്ഷോപ്പ് തുടങ്ങാനായി കെ.എസ്.ആർ.ടി.സി. വില കൊടുത്ത് വാങ്ങിയ സ്ഥലമാണ്. അത് വാസ്തവത്തിൽ അതിനുതന്നെ വേണമെന്നുള്ള അഭിപ്രായം ഒരു ഭാഗ ത്തുണ്ട്. മറുഭാഗത്ത്, ഇതുപോലെയുള്ള ഡിമാന്റുമുണ്ട്. തൽക്കാലം കോളേജ് തുടങ്ങാനുള്ള നിർവ്വാഹമില്ല എന്നതാണ് വസ്തുത.

## പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി

ശ്രീ. എ.എം. ആരിഫ്: സർ, ഇതിനുമുമ്പും ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള പ്രാദേശിക പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. ഇതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ ഒരു കോടി രൂപയുടെ പ്രാഥമിക ചെലവുകൾക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. പ്രാദേശിക പത്രപ്രവർത്തകർക്ക് നിശ്ചിതമായതോ ഏകീകൃതമായതോ ആയ ശമ്പളമോ അലവൻസോ ലഭിക്കുന്നില്ല. ജീവിക്കാനാവശ്യമായ മറ്റ് ആനുകൂല്യങ്ങളും വളരെ പരിമിതമാണ്. നാമമാത്രമായ അലവൻസല്ലാതെ മറ്റൊന്നും ഇല്ല. പ്രാദേശിക പരസ്യ കമ്മീഷനിൽനിന്നും ലഭിക്കുന്ന വരുമാനം കൊണ്ടാണ് ഇവർ കുടുംബം പുലർത്തുന്നത്. ഇതുപോലെതന്നെയാണ് പ്രാദേശിക ചാനൽ പ്രവർത്തകരും. അവരുടെ ജീവിതവും വളരെ പ്രയാസകരമാണ്. അവർ ദീർഘകാല സേവനമനുഷ്ഠിച്ചുകഴിഞ്ഞാലും ശയ്യാവലംബരായി തീർന്നുകഴിഞ്ഞാലോ പ്രായാധിക്യം ബാധിച്ചാലോ യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. അവർക്ക് വീട് വയ്ക്കാനോ കുട്ടികളുടെ വിദ്യാഭ്യാസത്തിനോ രോഗം വന്നാലോ ഒരു സഹായവും ലഭിക്കുന്നില്ല. ഇപ്രകാരമുള്ളവർക്ക് ഒരു ക്ഷേമനിധി നേരത്തെ പ്രഖ്യാപിച്ചിരുന്നു. പത്രപ്രവർത്തകരുടെ എണ്ണം കുറവായതുകൊണ്ട് ഏജന്റുമാരെയും ചാനൽ പ്രവർത്തകരെയുമെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് അത് വിപുലീകരിച്ചാൽ ഈ ക്ഷേമനിധി പ്രവർത്തിപ്പിക്കാനായി കഴിയും. നേരത്തെ എണ്ണം കുറവാണെന്ന് പറഞ്ഞതുകൊണ്ടാണ് മാറ്റിവച്ചത്. ആകയാൽ പ്രാദേശിക മാധ്യമ ക്ഷേമനിധി എന്ന പേരിൽ ഒരു ക്ഷേമനിധി രൂപീകരിച്ച് പ്രവർത്തിപ്പിക്കാനാവശ്യ

മായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട എ.എം. ആരിഫ് ചൂണ്ടിക്കാണിച്ചതുപോലെ ഇത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാണ്. പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി എന്ന കാര്യം ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചതാണ്. ഇതിനുവേണ്ടി ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തു. ഇതുസംബന്ധിച്ച് പല ചർച്ചകൾ നടത്തി. ചർച്ചകളിലുണ്ടായ ഒന്നുരണ്ട് പ്രശ്നങ്ങൾ - ഒന്ന്, സർക്കാരിനെ കൊണ്ട് മാത്രം ഈ തുക കൊടുക്കാൻ സാധിക്കില്ല. പത്രം ഉടമകളുടെ ഒരു ചെറിയ പങ്കാളിത്തമെങ്കിലുമുണ്ടാകണം. പത്രത്തിന്റെ സർക്കുലേഷന്റെ ബേസിസിലോ അവർക്ക് കിട്ടുന്ന പരസ്യങ്ങളുടെ ബേസിസിലോ ഒരു ചെറിയ ശതമാനമെങ്കിലും പങ്കാളിത്തമുണ്ടായില്ലെങ്കിൽ ഇത് മുമ്പോട്ട് കൊണ്ടുപോകാൻ പ്രയാസമായിരിക്കും. മുഖ്യമന്ത്രി മുൻകൈ എടുത്തുകൊണ്ട് പത്രം ഉടമകളെ വിളിച്ചുകൂട്ടി ഈ നിർദ്ദേശം മുമ്പോട്ടുവച്ചെങ്കിലും അവർ മറുപടി പറഞ്ഞിട്ടില്ല. രണ്ടാമത്, പ്രാദേശിക പത്രപ്രവർത്തകർക്ക് പഞ്ചായത്ത് ലെവലിലോ അതിന് താഴേയ്ക്കോ എവിടംവരെ പോകാൻ സാധിക്കുമെന്നതിന് ഒരു ക്ലാരിറ്റിയുണ്ടായിട്ടില്ല. ഏതായാലും ഈ കാര്യത്തിൽ ഒരു വ്യക്തമായ സമീപനമെടുക്കുന്നതാണ്. കോൺട്രാക്റ്റായി ജോലി ചെയ്യുന്നവരും സ്ട്രിങേഴ്സുമുണ്ട്. ആരെല്ലാമാണ് ഇതിന്റെ പരിധിയിൽ വരുന്നതെന്നത് സംബന്ധിച്ച ചർച്ചകൾ പൂർത്തിയായിക്കഴിഞ്ഞാൽ നടപടി സ്വീകരിക്കുന്നതാണ്. ഒരുകോടി രൂപയ്ക്കുള്ള ഭരണാനുമതി കൊടുത്തുകഴിഞ്ഞു. ആ പണം ലാപ്സായിപ്പോകുകയില്ല. ഇതിന് വ്യക്തത ഉണ്ടായിക്കഴിഞ്ഞാൽ മറ്റുനട

പടികളുമായി മുമ്പോട്ടുപോകുന്നതാണ്. പ്രാരംഭ ചർച്ചകൾ ഐ. ആന്റ് .പി. ആർ.ഡി. വകുപ്പും ലേബർ വകുപ്പും ചേർന്ന് നടത്തുകയുണ്ടായി. എത്രയും വേഗം അത് ഫൈനലൈസ് ചെയ്യുന്നതായിരിക്കും.

**<u>ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>**

<u>ശ്രീ. ജി.എസ്. ജയലാൽ</u>: സർ, ഇപ്പോൾ വളരെ രൂക്ഷമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കുടിവെള്ള ജലസേചന വിഷയവുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. കല്ലട ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് ഇരുപത്തിമൂന്നാം കിലോമീറ്ററിൽ സ്ഥാപിച്ചിട്ടുള്ള ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കഴിഞ്ഞ 30 വർഷത്തിലധികമായി ഇതുവരെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കനാലിന്റെ ആകെ നീളം 33 കിലോമീറ്ററാണ്. അതിൽ 10 കിലോമീറ്റർ ഭാഗം പരവൂർ മുനിസിപ്പാലിറ്റിയും പൂതക്കുളം പഞ്ചായത്തും ചിറക്കര ഗ്രാമപഞ്ചായത്തിന്റെ പ്രദേശവും ഉൾപ്പെടുന്ന, മുപ്പതിനായിരത്തോളം കുടുംബങ്ങൾ പ്രയോജനമനുഭവിക്കുന്ന ഈ പദ്ധതിക്കായി പത്തുമുപ്പത് വർഷത്തിലധികമായി കനാലിന് വസ്തു എടുത്ത് കുഴിച്ച് പ്രയോജനരഹിതമായി കിടക്കുകയാണ്, ഇതൊരു വലിയ ദേശീയനഷ്ടമായി അവശേഷിക്കുകയാണ്. 10 കിലോമീറ്ററോളം വരുന്ന പ്രസ്തുത കനാലിന്റെ നിർമ്മാണജോലികൾ പൂർത്തീകരിക്കുന്നതിന് കേവലം 4 കോടി രൂപയാണ് ചെലവായി കണക്കാക്കിയിരിക്കുന്നത്. ഈ 4 കോടി രൂപ നമ്മൾ വിനിയോഗിച്ചാൽ നമ്മുടെ നാടിന് 100 കണക്കിന് കോടി രൂപയുടെ പ്രയോജനം ലഭ്യമാക്കാൻ കഴിയും. എന്നുമാത്രമല്ല ഒരു വലിയ ദേശീയനഷ്ടത്തിൽ നിന്ന് കരകയറാനും നമുക്ക് സാധിക്കും. ഈ പദ്ധതി വളരെ ഗൗരവമായി ഏറ്റെടുത്ത് നടപ്പിലാക്കിയാൽ മൂന്ന് പഞ്ചായത്തുകളിലെ മുപ്പതിനായിരം കുടുംബങ്ങളുടെ ജലസേചന പ്രശ്നവും കുടിവെള്ള പ്രശ്നവും പരിഹരിക്കാൻ

സാധിക്കും. മുപ്പതിനായിരം കുടുംബങ്ങൾക്ക് പ്രയോജനകരമായ ഈ പദ്ധതി അടിയന്തരമായി എറ്റെടുത്ത് പൂർത്തിയാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ആകെ നീളം 33.7 കിലോമീറ്ററാണ്. ഈ കനാലിന്റെ ഇരുപത്തിമൂന്നാം കിലോമീറ്ററിലാണ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം സ്ഥാപിച്ചിട്ടുള്ളത്. ഇതിനുശേഷമുള്ള പൂതക്കുളം, കോട്ടപ്പുറം മൈനർ ഡിസ്ട്രിബ്യൂട്ടറി എന്നീ കനാലുകളിലും ലിഫ്റ്റ് ഇറിഗേഷൻ സ്കീം പ്രവർത്തിക്കേണ്ടതുണ്ട്. പൂതക്കുളം, കോട്ടപ്പുറം കനാലുകളുടെ പണി ഭാഗികമായി മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇവയെല്ലാം പൂർത്തീകരിക്കുന്നതിന് 4.5 കോടി രൂപയുടെ ഒരു പദ്ധതി 13-ാം ധനകാര്യ കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആ അനുമതി ലഭിക്കുന്ന മുറയ്ക്ക് മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## കുടിവെള്ളക്ഷാമം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, താനൂർ നിയോജക മണ്ഡലത്തിലെ ചെറിയമുണ്ടം, പൊൻമുണ്ടം, താനാളൂർ, താനൂർ, നിറമരുതൂർ, ഒഴൂർ എന്നീ പഞ്ചായത്തുകൾ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകളാണ്. താനൂരും നിറമരുതൂരും തീരപ്രദേശങ്ങൾ കൂടിയാണ്. അവിടെ കിണർ കുഴിച്ചാൽപ്പോലും മഞ്ഞ വെള്ളമാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. വളരെയേറെ ദുരിതം അനുഭവിക്കുന്ന ഈ പ്രദേശത്ത് വളരെ പ്രതീക്ഷയോടുകൂടിയാണ് ‘വെട്ടം കുടിവെള്ള പദ്ധതി’ എന്ന നിലയിൽ ചമ്രവട്ടം പദ്ധതി ജലസ്രോതസ്സായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള

ഒരു പദ്ധതിക്ക് തുടക്കം കുറിച്ചത്. ആ പദ്ധതിക്കുവേണ്ടി പണം നീക്കിവയ്ക്കുകയും പഞ്ചായത്തുകൾ വിഹിതമടച്ച് സർവ്വേ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. തിരൂർ നിയോജക മണ്ഡലം ഉൾപ്പെടെ ഒട്ടേറെ പഞ്ചായത്തുകളും നിയോജക മണ്ഡലങ്ങളും ചേർന്നുള്ള വിപുലമായ പദ്ധതിയാകുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന ജലത്തിന്റെ ലഭ്യതക്കുറവും സാമ്പത്തികമായ മറ്റുപ്രയാസങ്ങളും അനുഭവപ്പെടുമെന്നതിനാൽ ഇത് രണ്ട് പദ്ധതിയാക്കണമെന്നുള്ള തീരുമാനമാണ് പിന്നീടുണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിൽ ഒന്നര ഏക്കർ സ്ഥലം ട്രീറ്റ്മെന്റ് പ്ലാന്റും ടാങ്കും സ്ഥാപിക്കുന്നതിന് വിട്ടുകൊടുക്കാൻ തയ്യാറാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ സർവ്വെ നടപടികൾ വേഗത്തിൽ പൂർത്തിയാകുന്നതോടുകൂടി വളരെ കാലമായി അവിടത്തെ ജനങ്ങളുടെ ഒരാവശ്യമായി മാറിയിട്ടുള്ള, താനൂർ നിയോജക മണ്ഡലത്തിലെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാൻ കഴിയുന്ന പ്രസ്തുത പദ്ധതി എത്രയും പെട്ടെന്ന് നടപ്പാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, താനൂർ നിയോജക മണ്ഡലത്തിലെ താനൂർ, താനാളൂർ, ചെറിയമുണ്ടം, പൊൻമുണ്ടം എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു സമഗ്ര കുടിവെള്ള പദ്ധതി ഭാരതപ്പുഴയുടെ ചമ്രവട്ടം സ്രോതസ്സായും ചെറിയമുണ്ടം പഞ്ചായത്തിൽ 25 എം.എൽ.ടി. ശുദ്ധീകരണശാല നിർമ്മിച്ച് മൂന്ന് ലക്ഷത്തോളം പേർക്ക് ഉപയോഗപ്പെടുന്ന പദ്ധതിയുടെ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധ

തിക്ക് 80 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. പഞ്ചായത്തുകളുടെ സഹകരണത്തോടെ ഈ പദ്ധതിക്കുവേണ്ട സർവ്വേ നടപടികൾ ആരംഭിച്ചിട്ടു ണ്ട്. സർവ്വേ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ വിശദമായ എൻജിനീ യറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി സമർപ്പി ക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിച്ച് പഞ്ചായത്തുകളുടെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതാണ്.

**<u>സമഗ്ര ശുദ്ധജല പദ്ധതി</u>**

<u>ശ്രീ. വി. ശശി</u>: സർ, 1999-ൽ ആരംഭിച്ച ഒരു പദ്ധതിയാണ് കഴക്കൂട്ടം സമഗ്ര ശുദ്ധജല വിതരണ പദ്ധതി. ഇപ്പോൾ 14 വർഷം പിന്നിട്ടുകഴിഞ്ഞു. ഇതിനകം ഏതാണ്ട് 22 കോടിയോളം രൂപ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചി ട്ടുമുണ്ട്. ഇപ്പോൾ അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. അതിന് പ്രധാന കാരണം, ഏതാണ്ട് 9,870 മീറ്റർ ദൈർഘ്യമുള്ള പൈപ്പ്ലൈനാണ് ഇനി സ്ഥാപിക്കേണ്ടത്. അതിൽ ഏതാണ്ട് മൂവായിരത്തോളം ദൂരം നാഷണൽ ഹൈവേയുടെ വശത്തുകൂടിയാണ് വരേ ണ്ടത്. അതോടൊപ്പംതന്നെ മൂന്ന് സ്ഥലത്ത് റോഡ് മുറിച്ച് നേരത്തെ സ്ഥാപിച്ച പൈപ്പ്ലൈനുകൾ കൂട്ടിയിണക്കേണ്ടതായിട്ടുമുണ്ട്. ഈ കാര്യത്തി നുവേണ്ടി ബന്ധപ്പെട്ട വാട്ടർ അതോറിറ്റി, നാഷണൽ ഹൈവേ അതോറിറ്റിയെ സമീപിച്ചുവെങ്കിലും അവർ ആ ആവശ്യം നിരസിച്ചിരിക്കുകയാണ്. അടിയന്ത രമായി ഗവൺമെന്റ് ഈ വിഷയത്തിൽ ഇടപെട്ട് എത്രയും വേഗം ഇതിന്റെ പണി പുനരാരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഇത് മൂന്ന് നിയോജക മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തിലുള്ള ഏതാണ്ട് 2

ലക്ഷത്തോളം പേർക്ക് കുടിവെള്ളം എത്തിക്കേണ്ട പദ്ധതിയാണ്. 14 വർഷമായി ജനങ്ങൾ ഇതിനുവേണ്ടി കാത്തിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ വർഷം ഒരു റിവ്യൂ നടത്തിയിരുന്നു. കഴിഞ്ഞ ഡിസംബർ മാസത്തിൽ ഈ പണി പൂർത്തിയാക്കുമെന്നാണ് അന്ന് അറിയിച്ചിരുന്നത്. പക്ഷേ ഇപ്പോൾ ഏതാണ്ട് 80 ശതമാനത്തോളം പണി പൂർത്തിയാക്കി. ബാക്കി കൂടി പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, നാഷണൽ ഹൈവേയിൽനിന്നുള്ള അനുമതി കിട്ടാത്തതാണ് പ്രധാന തടസ്സം. ഇടയ്ക്കാട്, മേൽതോന്നയ്ക്കൽ, കീഴ്തോന്നയ്ക്കൽ, വേലൂർ, പള്ളിപ്പുറം, കഴക്കൂട്ടം, മേനംകുളം, അയിരൂർപ്പാറ എന്നീ എട്ട് വില്ലേജുകളിലെ രണ്ടുലക്ഷത്തിൽപ്പരം ജനങ്ങൾക്ക് പ്രയോജനം ലഭിക്കാൻ ഉദ്ദേശിച്ച് 1999-ൽ ആരംഭിച്ചതാണ് കഴക്കൂട്ടം സമഗ്ര ശുദ്ധജല പദ്ധതി. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട പണികളെല്ലാം പൂർത്തിയായി. എന്നാൽ പള്ളിപ്പുറം മുതൽ വെട്ടുറോഡ് വരെയുള്ള ഭാഗത്തെ ട്രാൻസ്മിഷൻ മെയിൻ ദേശീയപാതയിലൂടെയാണ് കടന്നുപോകുന്നത്. ചില സ്ഥലങ്ങളിൽ ദേശീയപാതയ്ക്ക് കുറുകെയും കടന്നുപോകേണ്ടതുണ്ട്. ഇതിനുള്ള അനുമതിക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ടുവരികയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം പണികൾ പൂർത്തീകരിക്കുന്നതാണ്.

## ഭാരതപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കൽ

ശ്രീ. സി. മമ്മൂട്ടി: സർ, തിരുനാവായ-തവനൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഏറ്റവും പ്രാധാന്യമുള്ള ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തിരുനാവായ പാലത്തിന്റെ പണി എത്രയും പെട്ടെന്ന് ആരംഭിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പുത്തരത്താണിയിൽനിന്ന് തിരുനാവായ വഴി ഈ പാലം വരുന്നതോടുകൂടി നാഷണൽ ഹൈവേയിൽ ഇപ്പോൾ നിരന്തരം അപകടമുണ്ടാകുന്ന വട്ടപ്പാറ പ്രദേശമൊഴിവാക്കാനും ഏതാണ്ട് പുത്തനത്താണിയിൽനിന്ന് കുറ്റിപ്പുറം എത്തുമ്പോഴേയ്ക്ക് 10 കിലോമീറ്ററോളവും എന്നാൽ എറണാകുളം ഭാഗത്തേയ്ക്ക് 50 കിലോമീറ്ററോളവും ദൂരം കുറയുന്നതും ചമ്രവട്ടം റോഡും പൊന്നാനി കുറ്റിപ്പുറം റോഡുമായി ബന്ധിപ്പിക്കാൻ പറ്റുന്ന വിധത്തിൽ ഭാരതപ്പുഴയുടെ കുറുകെ ഈ പാലം വരുന്നതോടുകൂടി സാധ്യമായിത്തീരും. മാത്രമല്ല തിരുനാവായയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പണി ഏതാണ്ട് പൂർത്തിയാകാറായ റെയിൽവെ മേൽപ്പാലം വരുന്നതോടെ വളരെ സുഗമമായി വളവുതിരിവില്ലാതെ എളുപ്പത്തിൽ തിരുനാവായയും പാലം കടന്നാൽ പെട്ടെന്നുതന്നെ എറണാകുളം ഭാഗത്തേയ്ക്കും തൃശ്ശൂർ ഭാഗത്തേയ്ക്കും ഏതാണ്ട് 50 കിലോമീറ്ററോളം കുറയുന്ന വിധത്തിൽ എത്തിച്ചേരാൻ കഴിയും. നേരത്തെ ഇതിന് 28 കോടി രൂപയുടെ എ.എസ്. കൊടുത്തിട്ടുണ്ടെങ്കിലും അതിന്റെ പണി എവിടെയും എത്തിയിട്ടില്ല. ഇപ്പോൾ റിവൈസ്ഡ് പ്ലാൻ പ്രകാരം 48 കോടി രൂപയോളം സ്ഥലമെടുപ്പടക്കം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എങ്കിലും ഏറ്റവും എളുപ്പത്തിൽ എറണാകുളം ഭാഗത്തേയ്ക്കും തൃശ്ശൂർ ഭാഗത്തേയ്ക്കും ബന്ധിപ്പിക്കുന്നതും ആ പ്രദേശത്തെ

ഏറ്റവും വലിയ വികസനത്തിന് നിധാനമാകുന്നതുമായ തിരുനാവായ പാലത്തിന്റെ പണി എത്രയും പെട്ടെന്ന് ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, തിരൂർ നിയോജകമണ്ഡലത്തിലെ തിരുനാവായയും തവന്നൂർ മണ്ഡലത്തിലെ തവന്നൂരിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിന് കേരള സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിലുൾപ്പെടുത്തി 29.8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പാലം നിർമ്മാണം ആർ.ബി.ഡി.സി.-യെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിനുവേണ്ട ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. 52.3 ആർ സ്ഥലം ഏറ്റെടുക്കാനുണ്ട്. അതിൽ കൂടുതൽ തണ്ണീർത്തടമാണ്. അതിന് ഇളവ് ലഭ്യമാക്കി നടപടികൾ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. 2012 ഷെഡ്യൂൾ പ്രകാരം 1.85 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനും 48 കോടി രൂപ പാലം പണിയുന്നതിനും കണക്കാക്കിയിട്ടുണ്ട്. ഭൂമി ലഭ്യമായിക്കഴിഞ്ഞാൽ ഉടൻ പാലത്തിന്റെ നിർമ്മാണം ആരംഭിക്കും. അതോടൊപ്പംതന്നെ ഈ പാലം വന്നാൽ ഒരുപാട് നേട്ടങ്ങൾ മലബാറിനുണ്ട്. വട്ടപ്പാറ വളവിന്റെ പ്രശ്നം, വളാഞ്ചേരി നഗരത്തിലെ ഗതാഗതക്കുരുക്ക് എന്നിവയെല്ലാം ഒരു പരിധിവരെ അവസാനിപ്പിക്കാൻ സാധിക്കും.

## പുതിയ പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസ്

ശ്രീ. സണ്ണി ജോസഫ്: സർ, മരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന റോഡുകളുടെ പ്രവൃത്തി നടപ്പിലാക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഓഫീസാണ് പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസ്. പല സെക്ഷൻ ഓഫീസ്സുക

ളിലും അധിക ജോലിഭാരമുണ്ട്. എന്റെ കോൺസ്റ്റിറ്റ്യുവൻസിയിലുള്ള ഒരു സെക്ഷൻ ഓഫീസ്സിൽ 400-ലേറെ കീലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡാണ് വരുന്നത്. ഇനിയും ഒരുപാട് ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കണമെന്ന ആവശ്യം വളരെ ശക്തമായി നിലനിൽക്കുകയാണ്. അതുകൊണ്ട് അധിക ജോലിഭാരം ഇന്ന് പരിഹരിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് പേരാവൂരിൽ ഒരു പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നു. പട്ടണപ്രദേശങ്ങളിലുള്ള സെക്ഷൻ ഓഫീസ്സുകളിൽ 40 കിലോമീറ്റർ റോഡുള്ളതുണ്ട്, 50 കിലോമീറ്റർ റോഡുമാത്രമുള്ള സെക്ഷൻ ഓഫീസ്സുകളുണ്ട്. കാരണം പട്ടണ പ്രദേശങ്ങളിൽ അധികം റോഡുകളും നാഷണൽ ഹൈവേയാണ്, അല്ലെങ്കിൽ കോർപ്പറേഷൻ/മുനിസിപ്പിലിറ്റി റോഡുകളാണ്. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ പി.ഡബ്ല്യു.ഡി. അധീനതയിലുള്ള റോഡുകളുടെ ദൈർഘ്യവും എണ്ണവും കൂടുതലാണ്. ഇനിയും ഏറ്റെടുക്കേണ്ട റോഡുകളുടെ ആവശ്യം കൂടുതലാണ്. ഇത് പരിഗണിച്ചുകൊണ്ട് കൂടുതൽ റോഡ് ദൈർഘ്യമുള്ള സെക്ഷൻ ഓഫീസ്സെന്ന നിലയിൽ എന്റെ കോൺസ്റ്റിറ്റ്യുവൻസിയിലെ ഇരിട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് അഞ്ച് പഞ്ചായത്തുകൾക്ക് സഹായകരമായ രൂപത്തിൽ പേരാവൂരിൽ ഒരു സെക്ഷൻ ഓഫീസ് പി.ഡബ്ല്യു.ഡി. ആരംഭിക്കണമെന്ന അഭ്യർത്ഥന ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ സമർപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പേരാവൂർ നിയോജകമണ്ഡലത്തിൽ നിലവിലുള്ള റോഡുകൾ ഇരിട്ടി, ഇരിക്കൂർ, കൂത്തുപറമ്പ്, വടകര എന്നീ റോഡ് സെക്ഷൻ ഓഫീസ്സുകളുടെ പരിധി

യിലാണ്. ഏകദേശം 358.24 കിലോമീറ്റർ നീളം വരുന്ന വലിയൊരു മണ്ഡലമാണ് ഇത്. നാറ്റ്പാക് ഇതിനെ സംബന്ധിച്ച് പഠനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നയുടനെതന്നെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ സെക്ഷൻ ഓഫീസ് ഉണ്ടാക്കുന്നതിനെപ്പറ്റി ഒരു പ്രൊപ്പോസലുണ്ടായിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ എല്ലാവരേയും വിളിച്ചുവരുത്തി അതിനെപ്പറ്റി പ്രസന്റേഷൻ കൊടുത്തു. മിക്കവാറും എം.എൽ.എ.-മാർ വലിയ താൽപ്പര്യമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. പക്ഷേ സാമ്പത്തികമായി ചില പ്രശ്നങ്ങളുണ്ട്. സാമ്പത്തികമായി ബാധ്യത വരുന്നതുകൊണ്ടാണ് കുറച്ച് താമസം നേരിട്ടത്. ഏതായാലും നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ റോഡ് സെക്ഷൻ ഓഫീസ്സുകൾ പുനർക്രമീകരിക്കുമ്പോൾ പേരാവൂർ ആസ്ഥാനമായി ഒരു റോഡ് സെക്ഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഫിഷിംഗ് ഹാർബറിന് കേന്ദ്രാനുമതിയും ഭരണാനുമതിയും ലഭ്യമാക്കൽ

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, എന്റെ നിയോജക മണ്ഡലത്തിലെ മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ ഉടനെ യാഥാർത്ഥ്യമാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ നിർമ്മാണമെന്ന ആവശ്യത്തിന് നിരവധി വർഷങ്ങളുടെ പഴക്കമുണ്ട്. എന്നാൽ ഈ സർക്കാർ വന്നതിനുശേഷം ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഉടനെ മീറ്റിംഗ് വിളിച്ചുചേർക്കുകയും അതിനാവശ്യമായ പ്രവർത്തനം മെച്ചപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ

യാഥാർത്ഥ്യമാക്കുന്നതിന് വളരെ സഹായകരമായ പ്രവർത്തനവുമായി മുന്നോട്ടുപോയി. ഇന്ന് അത് അന്തിമ ഘട്ടത്തിലാണ്. 3000-ത്തിലധികം മത്സ്യ ത്തൊഴിലാളികളുടെ സ്വപ്നമാണ് ഈ ഫിഷിംഗ് ഹാർബർ. വർഷങ്ങളായുള്ള ഈ സ്വപ്ന പദ്ധതി ഉടനെ യാഥാർത്ഥ്യമാക്കുന്നതിന് കേന്ദ്ര സർക്കാരി ന്റെയും സംസ്ഥാന സർക്കാരിന്റെയും അനുമതി നേടിക്കൊണ്ട് ഈ വർഷം തന്നെ മാർച്ച് മാസത്തോടുകൂടി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പണി ആരംഭിക്കുന്നതിനാവശ്യമായ പ്രവർത്തനമുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, മഞ്ചേശ്വരത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് അന്വേഷണ ഗവേഷണങ്ങൾക്കും മാതൃകാപഠനത്തിനുമായി 4.10.2004-ൽ സർക്കാർ ഉത്തരവ് പ്രകാരം 13 ലക്ഷം രൂപയുടെ ഭരണാനുമതി സംസ്ഥാന സർക്കാർ നൽകുകയും പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തി 2010 ജനുവരിയിൽ മാതൃകാ പഠനം പൂർത്തീകരിക്കുകയും ചെയ്തു. പരിസ്ഥിതി പഠനം 2010 ജൂണിൽ പൂർത്തി യാക്കി. ഭൗമശാസ്ത്ര പഠന കേന്ദ്രം 2011-ൽ -CRZ - Status Report നൽകി. പദ്ധതിയുടെ കോസ്റ്റൽ സോൺ ക്ലിയറൻസ് അനുമതി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്ന് 2012-ൽ ലഭിച്ചു. പൊഴിയുടെ വടക്കും തെക്കുമായി യഥാക്രമം 490 മീ, 530 മീ. നീളത്തിൽ രണ്ട് പുലിമുട്ടുകൾ, ബോട്ടുകൾ അടുപ്പിക്കുന്നതിനായി 100 മീ. നീളത്തിൽ വാർഫ്, 600 ചതുരശ്ര മീറ്റർ നീളത്തിൽ ലേലപ്പുര, അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ, കാന്റീൻ,

വലകൾ റിപ്പയർ ചെയ്യുന്നതിനുള്ള നെറ്റ് മെൻഡിംഗ് ഷെഡ്, ശുദ്ധജല വിതരണം, വൈദ്യുതീകരണം, മലിനജല സംസ്ക്കരണം മുതലായവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള 2012-ലെ നിരക്കു പ്രകാരമുള്ള 60.02 കോടി രൂപയുടെ മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 275 ബോട്ടുകൾക്ക് ഉപ യോഗിക്കാനുള്ള സൗകര്യമാണ് ഈ ഹാർബറിൽ വിഭാവനം ചെയ്തിരിക്കു ന്നത്. ഈ പദ്ധതിയുടെ രൂപരേഖ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണന യിലാണ്. പദ്ധതി അംഗീകാരത്തിനുള്ള കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കൃഷി വകുപ്പ് പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റി ഇന്ന് ഡൽഹിയിൽ ചേരുക യാണ്. സംസ്ഥാന ഫിഷറീസ് സെക്രട്ടറിയും ഉദ്യോഗസ്ഥന്മാരും ഇന്ന് ഡൽഹിക്ക് പോയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ഇന്നുതന്നെ ലഭിക്കു മെന്ന് കരുതുകയാണ്. ഈ സാമ്പത്തിക വർഷം തന്നെ ടെണ്ടർ ക്ഷണിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കത്തക്ക വിധത്തിൽ ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നാലു വർഷം കൊണ്ട് ഹാർബറിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ഈ ഹാർബർ യാഥാർത്ഥ്യമാക്കു ന്നതിനുവേണ്ടി എല്ലാ നടപടികളും ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

## കൃഷിഭൂമിയുടെ നിയമവിരുദ്ധമായ ഉപയോഗം

ശ്രീ. ജി. സുധാകരൻ: സർ, കുട്ടനാട്, ഓണാട്ടുകര, ചേർത്തല കരിനില ങ്ങൾ എന്നീ കാർഷിക മേഖലകൾ ചേർന്നതാണ് ആലപ്പുഴ ജില്ല. കൃഷി ഭൂമി കുറഞ്ഞ വിലയ്ക്ക് വാങ്ങി പൂർണ്ണമായോ ഭാഗീകമായോ നികത്തി റിയൽ എസ്റ്റേറ്റ് മാഫിയകളും റിസോർട്ട് മാഫിയകളും ജില്ലയിൽ റിസോർട്ടുകളും ബിസിനസ് സ്ഥാപനങ്ങളും നിർമ്മിച്ച് പത്തും പതിനഞ്ചും ഇരട്ടി വിലയ്ക്ക് വിൽക്കുന്നു. ഗ്രാമം മുതൽ നഗരം വരെ നൂറുകണക്കിന് കമ്മീഷൻ ഏജന്റു മാർ പ്രവർത്തിക്കുന്നു. നെൽവയൽ സംരക്ഷണ നിയമം, നീർത്തട സംര ക്ഷണ നിയമം, തീർദേശ പരിപാലന നിയമം, കരിമണൽ സംരക്ഷണ നിയമം എന്നിവ നഗ്നമായി ലംഘിച്ചുകൊണ്ടിരിക്കുന്നു. അത് ജില്ലാ ഭരണകൂടം തട യുന്നില്ല. ഉദ്യോഗസ്ഥരിൽ ഒരു വിഭാഗം ഇതിന് കൂട്ടുനിൽക്കുന്നു. മാഫിയാ കളും കമ്മീഷൻ ഏജന്റുമാരും സമ്പത്ത് കുന്നുകൂട്ടുന്നു. യുവാക്കളിൽ ഒരു വിഭാഗത്തിന് പണം നൽകി ഇവരെ ക്രിമിനലുകളാക്കുന്നു. സാധാരണക്കാ രുടെ സ്വൈര്യജീവിതത്തെ ചോദ്യം ചെയ്യുന്നു. പ്രശസ്തമായ കുട്ടനാട് പാക്കേജ് പരാജയപ്പെടുത്തുന്നത് ഈ മാഫിയാ സംഘവും ജില്ലാ ഭരണകൂട ത്തിലെ ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരുമാണ്. എം.എൽ.എ.-മാർ രേഖാമൂലം പരാതിപ്പെട്ടാലും ജില്ലാ ഭരണകൂടം അനങ്ങുന്നില്ല. ഒരു മറുപടിയും നൽകു ന്നില്ല. അമ്പലപ്പുഴ താലൂക്കിൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ സമർത്ഥ മായി ഇരുപ്പുകൃഷി നടത്തി മുപ്പത്തിയഞ്ച് മേനി വിളയിച്ചിരുന്ന ദേശീയ ജല പാതയ്ക്ക് അരികിലുള്ള എട്ടരയേക്കർ കൃഷി ഭൂമി കമ്മീഷൻ ഏജന്റുമാർ കൈമാറി ഒടുവിൽ ബോംബേക്കാരനായ ഒരു ഗോയങ്കയ്ക്ക് വിറ്റു. അവിടെ ഒരേക്കറോളം നിലം നികത്തി നൂറോളം മുറികളും ആധുനിക സംവിധാനങ്ങ

ളുമുളള റിസോർട്ട് നിർമ്മിച്ച് പ്രവർത്തിച്ചുവരുന്നു. മാത്രമല്ല നൂറ്റാണ്ടുകളായി കുട്ടനാട്ടുകാർ സഞ്ചരിച്ചുകൊണ്ടിരുന്ന സർക്കാർ ഭൂമിയായ ദേശീയ ജലപാത യുടെ തീരപ്രദേശം റവന്യൂ അധികാരികളുടെ സഹായത്തോടുകൂടി വിലയ്ക്ക് വാങ്ങി കൃത്രിമ രേഖ ചമച്ച് സ്വായത്തമാക്കിയിരിക്കുന്നു. ഇവിടെ യുണ്ടായിരുന്ന പ്രാദേശികപാലം നീക്കം ചെയ്ത് പൊതുവഴി കെട്ടിയടച്ചു. റിസോർട്ട് നിരീക്ഷിക്കാൻ നൂറോളം ക്യാമറാകൾ സ്ഥാപിച്ച് വഴിയിലൂടെ പോകുന്ന പ്രദേശവാസികളുടെ ഫോട്ടോയെടുക്കുന്നു. പല ഉന്നതന്മാർക്കും ഉദ്യോഗസ്ഥന്മാർക്കും വൻ കോഴ നൽകിയാണ് ഗോയങ്ക നിയമവിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ കുട്ടനാട്ടിൽ നടത്തുന്നത്. അനുമതിയില്ലാതെ നിലം നികത്തിയതിനും ദേശീയ ജലപാതയുടെ തീരം കൈയേറി വഴിയടച്ച തിനും നിലവിലുളള നിയമങ്ങൾ പ്രകാരം ഗോയങ്കയുടെ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് 2013 ജനുവരിയിൽ ഞാൻ ജില്ലാ കളക്ടർക്ക് പരാതി നൽകിയെങ്കിലും കണ്ടതായി ഭാവിച്ചില്ല. ജനുവരി 16-ാം തീയതി കൃഷിക്കാരും തൊഴിലാളികളും ചേർന്ന് വഴിയും പാലവും പുന:സ്ഥാപിക്കേണ്ടിവന്നു. കർഷകത്തൊഴിലാളികൾക്ക് നഷ്ടപ്പെട്ട ഭൂമി പുന:സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമ ന്ത്രിയും ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടും ഇതുവരെ ഒരുതുണ്ട് ഭൂമി പോലും ലഭി ച്ചിട്ടില്ല. ഓണാട്ടുകരയിലും ചേർത്തല താലൂക്കിലും അപ്പർ കുട്ടനാട്ടിലും നിലം നികത്തൽ തുടരുകയാണ്. ചേർത്തല അമ്പലപ്പുഴ താലൂക്കുകയുടെ തീരപ്രദേശങ്ങൾ മാഫിയകൾ കൈയേറിയിരിക്കുകയാണ്. മത്സ്യത്തൊഴിലാ ളികൾക്ക് താമസിക്കാൻ ഭൂമിയില്ല. കാർത്തികപ്പള്ളി താലൂക്കിൽ ദേശീയ ജല പാത ആഴം കൂട്ടുമ്പോൾ ലഭിക്കുന്ന ആയിരക്കണക്കിന് ടൺ മണ്ണ് സ്വകാര്യ

വ്യക്തികൾക്ക് നൽകി ഉദ്യോഗസ്ഥന്മാർ കോഴപ്പണം പറ്റുന്നു. ഇവർക്ക് കൂട്ടു നിൽക്കുന്ന ജില്ലാ ഭരണകൂടത്തെ പരിശോധിക്കണം. കൈയേറ്റങ്ങളും റിയൽ എസ്റ്റേറ്റ് ബിസിനസ്സുകളും അവസാനിപ്പിക്കണം. ഇതിനായി കൃഷി ഭൂമിയുടെ നിയമവിരുദ്ധമായ ഉപയോഗം കണ്ടെത്തി തടയുന്നതിനായി ആലപ്പുഴ ജില്ല യിൽ ഒരു ഉന്നതതല അന്വേഷണ കമ്മീഷനെ നിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം ആലപ്പുഴ ജില്ലയിൽ പ്രാദേ ശിക/ജില്ലാതല സമിതികൾ രൂപീകരിച്ച് അനധികൃത നിലം പരിവർത്തനത്തി നെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ 13.01.2013-ലെ പരാതിയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ അമ്പലപ്പുഴ ആർ.ഡി.ഒ., അഡീഷണൽ തഹസിൽദാർ എന്നിവരെ ചുമതലപ്പെടുത്തി യിട്ടുണ്ട്. കൈയേറ്റങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് താലൂക്ക് സർവ്വേ യറെക്കൊണ്ട് അളപ്പിക്കുന്നതിനും കയ്യേറ്റം ബോദ്ധ്യപ്പെടുന്ന പക്ഷം കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകിയി ട്ടുണ്ട്. റിസോർട്ടിന്റെ പ്രവർത്തനം സംബന്ധിച്ച് അന്വേഷണത്തിന് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിസോർട്ട് നിർമ്മാണവു മായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തനങ്ങൾ പരിശോധിക്കാൻ പ്രിൻസി പ്പൽ കൃഷി ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ), ആലപ്പുഴ ഡി.റ്റി.പി.സി. സെക്രട്ടറി എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിക്ക് ആസ്പദമായ പറവൂർ വില്ലേജിലെ വിവിധ സർവ്വേ നമ്പരിൽപ്പെട്ട 03.5085 ഹെക്ടർ വസ്തു സിട്രസ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ

ഓംപ്രകാശ് ബസന്ദ്‌ലാൽ ഗോയങ്ക എന്നയാളുടെ പേരിലും കൈവശത്തിലുമാണ്. ആർ ബ്ലോക്കിൽ കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്ക് നടത്തിയ ഭൂവിൽപ്പന സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതും റിപ്പോർട്ട് ലഭിക്കുന്നതുവരെ ഭൂമിയുടെ തൽസ്ഥിതിക്ക് മാറ്റം വരുത്തരുതെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ദേശീയ ജലപാതയ്ക്കു വേണ്ടി ഡ്രെഡ്ജ് ചെയ്യുന്ന മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തധികൃതർ കണ്ടെത്തണമെന്നും, ലഭിക്കുന്ന മണ്ണ് പഞ്ചായത്ത്, നിയമാനുസരണം ഡിസ്പോസ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**<u>ഒരേക്കർ ഭൂമി കൈവശം വയ്ക്കുന്നതിന് അനുമതി</u>**

<u>ശ്രീ. ടി. യു. കുരുവിള</u> : സർ, കോതമംഗലം നിയോജകമണ്ഡലത്തിൽ കുട്ടമ്പുഴ ഏരിയയിൽപ്പെട്ട സ്ഥലത്തെ രണ്ട് ആവശ്യങ്ങൾക്കുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ദേവികുളം താലൂക്കിൽപ്പെട്ട സ്ഥലമായിരുന്നു കുട്ടമ്പുഴ. അത് എറണാകുളത്തേയ്ക്ക് സൗകര്യത്തിനുവേണ്ടി മാറ്റിയതാണ്. അത് ഹിൽട്രാക്ട് ഏരിയയായി പ്രഖ്യാപിക്കണം. ആ പ്രദേശത്തെ ഹിൽട്രാക്ട് ഏരിയയിൽ ഒരേക്കർ സ്ഥലം വരെ പതിച്ചുകൊടുക്കാമെന്നാണ് നിയമം. എന്നാൽ അവിടെ ഒരു കുടിൽ ഉണ്ടെങ്കിൽ അത് 15 സെന്റ് സ്ഥലം മാത്രമേ പാടുള്ളുവെന്ന് പറയുന്നു. ഇപ്പോൾ അതിനുമാത്രമേ അനുവാദം കൊടുക്കുന്നുള്ളു. ഇത് നീതിയല്ല. ഒരു കുടിലുണ്ടെങ്കിൽ 15 സെന്റ്, കുടിലില്ലെങ്കിൽ ഒരേക്കർ എന്നുള്ള നിയമം മാറ്റണം. ഇത് പാവപ്പെട്ട കൃഷിക്കാരോട് ചെയ്യുന്ന വലിയ ദ്രോഹമാണ്. വർഷങ്ങളായി അവരുടെ കൈവശമിരിക്കുന്ന ഭൂമിയാണിത്. അതുകൊണ്ട് ഈ രണ്ട് ആവശ്യങ്ങളും നിറവേറ്റപ്പെടുന്നതിന് അടിയന്തരമായി നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ഉൾപ്പെട്ട കുട്ടമ്പുഴ വില്ലേജ് 1.01.1997-ൽ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലേയ്ക്ക് കൂട്ടി ച്ചേർത്തിട്ടുള്ളതാണ്. കുട്ടമ്പുഴ വില്ലേജിലെ നൂറേക്കർ കോളനി എന്നറിയപ്പെ ടുന്ന സ്ഥലത്തെ പട്ടയനടപടികളുടെ ഭാഗമായിട്ടുണ്ടായ 1.6.2010-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 207/2010/റവന്യൂ. ഉത്തരവിൽ കുട്ടമ്പുഴ വില്ലേജ് ഹിൽട്രാക്ട് ഏരിയായിൽ ഉൾപ്പെട്ടുവരുന്നില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഭരണപരമായ സൗകര്യത്തിനുവേണ്ടി യാണ് ദേവികുളം താലൂക്കിലെ ഹിൽട്രാക്ട് ഏരിയായിൽ ഉൾപ്പെട്ട കുട്ടമ്പുഴ വില്ലേജ് കോതമംഗലം താലൂക്കിലേയ്ക്ക് മാറ്റിയിട്ടുള്ളത്. 27.7.2011-ന് ജി.ഒ. (എം.എസ്) 280/2011/ആർ.ഡി. നമ്പർ ഉത്തരവിൽ താമസത്തിനു പരമാവധി 15 സെന്റ് ഭൂമി മാത്രമേ പതിച്ചുനൽകാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

## വനിതാ എം.എൽ.എ.മാർക്കെതിരായ പോലീസ് നടപടിയിലുള്ള ഗവൺമെന്റ് സമീപനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇന്നലെ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് ചർച്ച നടക്കുന്നതിനിടയിലാണ് പ്രതിപക്ഷം അതു സംബന്ധിച്ച് വാക്കൗട്ട് നടത്തി യത്. എന്നാൽ ശ്രീമതി ഗീതാ ഗോപി, എം.എൽ.എ. അവർക്ക് പോലീസിൽ നിന്നുണ്ടായ അനുഭവം വിശദീകരിച്ചു കൊണ്ടിരുന്നതിനിടയിലാണ് ബഹുമാ നപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ മറുപടിയും അതുമായി ബന്ധപ്പെട്ട വാക്കൗട്ടും നടന്നത്. അതുകൊണ്ട് ശ്രീമതി ഗീതാ ഗോപിയുടെ വിശദീകര

ണത്തെത്തുടർന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്കോ മുഖ്യ മന്ത്രിക്കോ പറയുവാനുള്ള കാര്യങ്ങൾ എന്താണെന്ന് കേൾക്കാൻ കഴിയാത്ത ഒരവസ്ഥ സംഭവിക്കുകയുണ്ടായി. യാദൃശ്ചികമായുണ്ടായ സംഭവമാണെ ങ്കിലും സഭയെ ആകെ സംബന്ധിച്ചുനോക്കുമ്പോൾ ബഹുമാനപ്പെട്ട ഗീതാ ഗോപിയുടെ..... അതുപോലെ ശ്രീമതി ഇ. എസ്. ബിജി മോളുടെ സംഭവ ങ്ങൾ വിശദീകരിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ വാൻ വരികയും ഉടനെ തന്നെ വീൽചെയറിൽ അവരെ ആശുപത്രിയിലാക്കുകയും ചെയ്തു. അവർക്കുണ്ടായ അനുഭവവും വിശദീകരിച്ചിരുന്നതാണ്. പോലീസിന്റെ കാര്യത്തെ സംബന്ധിച്ച് ശ്രീ. ഹേമചന്ദ്രൻ, ഐ.പി.എസ്. കൊടുത്തിട്ടുള്ള മറുപടിയുടെ എല്ലാ ഭാഗവും ഞാൻ വായിക്കുന്നില്ല. I have no hesitation in concluding that the conduct of the concerned police personnel could have been better, കുറച്ചുകൂടി മര്യാദയ്ക്ക് അവരോട് പെരുമാറാമായിരുന്നു എന്ന് ശ്രീ. ഹേമചന്ദ്രൻ, ഐ.പി.എസ്. തന്നെ പറഞ്ഞിരിക്കുകയാണ്. സ്ത്രീക ളോടുള്ള അപമാനകരമായ പെരുമാറ്റത്തെ സംബന്ധിച്ച് ഒന്നിനുപിറകെ ഒന്നായി... മാധ്യമപ്രവർത്തകയെ ശ്രീ. വയലാർ രവി അധിക്ഷേപിച്ച വാർത്ത അങ്ങ് വായിച്ചുകാണുമെന്ന് ഞാൻ മനസ്സിലാക്കുന്നു. ശ്രീ. പി.ജെ. കുര്യനിൽ നിന്ന്.......

<u>മി. സ്പീക്കർ:</u> അങ്ങ് എഴുതിത്തന്നത് ഇതല്ലല്ലോ.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ:</u> സർ, ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തു മ്പോൾ സ്ത്രീകളോടുള്ള പെരുമാറ്റത്തിന്റെ സ്വഭാവം എങ്ങനെ പോകുന്നു, വനിതാ എം.എൽ.എ.മാരോടുള്ള പെരുമാറ്റത്തെ സംബന്ധിച്ചു മാത്രമല്ല, വനിതാ കറസ്പോണ്ടന്റിനെ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന സമീപനം

എങ്ങനെയെന്നതും ഒരു പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്രമന്ത്രി തന്നെ എങ്ങനെയാണ് മറുപടി പറയുന്നതെന്ന് ഇന്നത്തെ പത്രത്തിൽ വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.മാരായ ഇ.എസ്. ബിജിമോളോടും ഗീതാ ഗോപിയോടും പോലീസ് എടുത്തിട്ടുള്ള സമീപനത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്ത് എന്ന് അറിയാൻ സഭയ്ക്ക് ആഗ്രഹമുണ്ട്, ആഭ്യന്തര വകുപ്പുമന്ത്രി അതു സംബന്ധിച്ച് എങ്ങനെ ചിന്തിക്കുന്നു എന്ന് ഞങ്ങൾക്കറിയാൻ ആഗ്രഹമുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതിനെക്കുറിച്ച് നാലാമത്തെ തവണയാണ് ഇവിടെ ചർച്ച വരുന്നത് എന്ന് എനിക്ക് തോന്നുന്നു. ...(ബഹളം).... തർക്കമല്ല, ഫാക്ടാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്ന് അത് ഉന്നയിച്ചു. സത്യത്തിൽ ഇന്നലെ ശ്രീ. സി. ദിവാകരൻ ഇത് ഉന്നയിച്ചതാണ്. മറുപടി പറയാൻ കഴിയാതെ വന്നത് ഞങ്ങളുടേതായ കുറ്റം കൊണ്ടല്ല. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെയും കുറ്റമല്ല. അങ്ങ് ഈ കാര്യം പ്രസന്റ് ചെയ്തപ്പോൾ പെട്ടെന്ന് വേറൊരു സബ്ജക്ടിനെ സംബന്ധിച്ച് അവിടെ നിന്നുതന്നെ പരാമർശം വന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിക്ക് മറുപടി പറയേണ്ടി വന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : അക്കാര്യം ഞാൻ പറഞ്ഞല്ലോ. സ്വാഭാവികമായ ഒരു സംഭവമായതുകൊണ്ട് ഇന്നലെ മറുപടി പറയാൻ കഴിയാതെപോയി എന്നതുകൊണ്ടാണ് ഇന്ന് ബഹുമാനപ്പെട്ട സ്പീക്കറെ വിവരം അറിയിച്ച് ആ പ്രശ്നത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കാനായി ശ്രമിച്ചത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഞാൻ ഒരിക്കലും തർക്കമല്ല പറഞ്ഞത്, യാഥാർത്ഥ്യം പറഞ്ഞതാണ്. ഇന്നലെ പറയാൻ കഴിയുമായിരുന്നല്ലോ എന്നുള്ള രൂപത്തിൽ സൂചിപ്പിച്ചതാണ്. അത് സത്യമാണല്ലോ. ഇവിടെ പ്രധാനപ്പെട്ട രണ്ട് പ്രശ്നമുണ്ടായി. ഒന്ന്, ഞങ്ങൾ ഇതു സംബന്ധിച്ച് മൊത്തത്തിൽ ജുഡീഷ്യൽ അന്വേഷണത്തിനു വിട്ടു.

ശ്രീ. സി. ദിവാകരൻ: ജുഡീഷ്യൽ അന്വേഷണം ഞങ്ങൾ ആവശ്യപ്പെട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിങ്ങൾ ആവശ്യപ്പെട്ടിട്ട് അല്ലല്ലോ. എന്നെ പറയാൻ അനുവദിക്കൂ..... അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ ഞാൻ ഇരുന്നുതരാം. സ്പീക്കറുടെ അനുമതിയുണ്ടെങ്കിൽ എനിക്ക് അതിനൊന്നും വിഷമമില്ല.

മി. സ്പീക്കർ: ഇല്ല. പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടതുകൊണ്ടാണ് സമയം കൊടുത്തത്. ഇക്കാര്യം നിങ്ങളെല്ലാവരും സംസാരിച്ചതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അദ്ദേഹത്തെപ്പോലെ ഒരാൾ ഇരുന്ന് സംസാരിക്കുന്നത് ശരിയല്ലല്ലോ. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ മാനിക്കാൻ വേണ്ടി പറഞ്ഞതാണ്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, ഒന്ന്, ഗവൺമെന്റ് ജുഡീഷ്യൽ അന്വേഷണത്തിനുവേണ്ടി സമ്മതിച്ചു. പക്ഷേ ജുഡീഷ്യൽ അന്വേഷണത്തിന് ഗവൺമെന്റ് സമ്മതിച്ചപ്പോഴും പ്രതിപക്ഷം ജുഡീഷ്യൽ അന്വേഷണത്തോട് അടുക്കുന്നില്ല. അവർ വ്യത്യസ്തമായ സമീപനം പറഞ്ഞു. അവർ പറഞ്ഞത് ശ്രീ. ഹേമചന്ദ്രന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണം എന്നാണ്. ഗവൺമെന്റ് ഒരു കാര്യം പറഞ്ഞു, ശ്രീ. ഹേമച

ന്ദ്രന്റെ റിപ്പോർട്ട് മൊത്തത്തിൽ സഭയ്ക്ക് അംഗീകരിക്കാം. അപ്പോൾ ജുഡീഷ്യൽ അന്വേഷണത്തിലേയ്ക്ക് പോകേണ്ടതില്ലല്ലോ. ഒരേ സമയത്ത് രണ്ട് അന്വേഷണം പറ്റില്ലല്ലോ. ജുഡീഷ്യൽ അന്വേഷണം വേണ്ടെങ്കിൽ വേണ്ടാ, ശ്രീ. ഹേമചന്ദ്രന്റെ റിപ്പോർട്ട് തന്നെ എടുക്കാം. ആ റിപ്പോർട്ട് അംഗീകരിക്കണമെന്നാണ് പറഞ്ഞുവന്നതിൽ നിന്ന് ഞാൻ മനസ്സിലാക്കിയത്. ശ്രീ. ഹേമചന്ദ്രന്റെ റിപ്പോർട്ട് അംഗീകരിക്കണമെങ്കിൽ അത് അംഗീകരിച്ച് നടപടിയുമായി പോകാം. അദ്ദേഹത്തിന്റെ റിപ്പോർട്ടിനകത്ത് ഒരു ഭാഗം ഇന്നലെ വായിച്ചത് ഞാൻ ഇന്ന് അങ്ങോട്ടുതന്നെ വായിച്ചു കേൾപ്പിക്കാം. I direct the Police Chief, Trivandrum City to go into the matter in greater detail and initiate appropriate corrective action. ഇതാണ് റിപ്പോർട്ടിനകത്തുള്ളത്. ഈ റിപ്പോർട്ട് മൊത്തത്തിൽ അംഗീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച സമീപനമെങ്കിൽ ഈ റിപ്പോർട്ട് അംഗീകരിച്ച് അതിനകത്തെ ഒരു സെന്റൻസ് നടപ്പാക്കുന്നതിനുവേണ്ടിയുണ്ടോ....... അത് പരിശോധിക്കാം. അതിനൊന്നും ഗവൺമെന്റിന് തടസ്സമില്ല. ഇക്കാര്യത്തിൽ ഒന്നിനും ഞങ്ങൾ തടസ്സം നിൽക്കുന്നില്ല. ഞങ്ങൾ അന്നും പറഞ്ഞു, ഇന്നും പറയുന്നു. ഏത് സാഹചര്യത്തിലായാലും ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ. മാർക്ക് വിഷമമുണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടു പോലുമില്ല, ഗവൺമെന്റിന് അങ്ങനെയൊരു ചിന്തയില്ല. ശ്രീ. ഹേമചന്ദ്രന്റെ റിപ്പോർട്ടിന്റെ കാര്യം പറഞ്ഞതുകൊണ്ട് ആ റിപ്പോർട്ട് അംഗീകരിച്ച് അതിന്റെ പുറത്താണ് നടപടി വേണ്ടതെങ്കിൽ അങ്ങനെ പോകുന്നതിന് ഗവൺമെന്റിന് ഒരു തടസ്സവുമില്ല എന്ന് ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: ഞാൻ ഇന്നലെ ഉന്നയിച്ച വിഷയമാണ്....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ദിവാകരൻ, ഇത് ശരിയല്ല. No.....No.... നിങ്ങളുടെ സീനിയോറിറ്റിയെ ഞാൻ ബഹുമാനിക്കുന്നതുകൊണ്ട് എപ്പോഴും അങ്ങനെ സംസാരിക്കുന്നത് ശരിയാണോ...... അത് എങ്ങനെ ശരിയാകും. No.....No.... ആ വിഷയം ഇന്നലെ പറഞ്ഞുകഴിഞ്ഞു. ഇത് പ്രതിപക്ഷ നേതാവ് ഉന്നയിച്ചതുകൊണ്ടല്ലേ. ഇങ്ങനെ സഭ നീട്ടിക്കൊണ്ടുപോകാൻ കഴി യുമോ. യെസ്... പ്ലീസ്.........പ്ലീസ്.......

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇതിനെപ്പറ്റി ഐ.പി.എസ്. ഉദ്യോ ഗസ്ഥനായ ശ്രീ. ഹേമചന്ദ്രന്റെ തീരുമാനം അല്ലെങ്കിൽ അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കാര്യങ്ങളാണ് ചെയ്യാൻ പോകുന്നത്, എന്താണെന്നു വച്ചാൽ ആലോചിക്കാം എന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. എന്താണ് ചെയ്യാൻ പോകുന്നത് എന്ന് കേട്ടില്ല. ഏതായാലും ബഹു മാനപ്പെട്ട രണ്ട് എം.എൽ.എ.മാർക്കുണ്ടായ അനുഭവങ്ങളെ സംബന്ധിച്ച് അവർ ഈ സഭയിൽ വിവരിച്ചിട്ടും ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തു നിന്ന് ഒരു ഇനിഷ്യേറ്റീവ് കണ്ടില്ല എന്നത് ദൗർഭാഗ്യകരമായിപ്പോയി. ഇത് ചൂണ്ടിക്കാണിച്ചതിനുശേഷവും സഭ നടത്തിക്കൊണ്ടു പോകുക എന്നുള്ള വ്യഗ്രതയിലേയ്ക്ക് പോകാതെ ബഹുമാനപ്പെട്ട അങ്ങ് ഇതു സംബന്ധിച്ച് രണ്ട് എം.എൽ.എ.മാർക്കുണ്ടായ അനുഭവം ഇനിയൊരാൾക്കും വരാതിരിക്കത്തക്ക തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കാൻ വേണ്ടി.......... ആ ഉദ്യോഗ സ്ഥൻമാരെ സസ്പെന്റ് ചെയ്യുന്നതിനാവശ്യമായ നടപടി തുടർന്ന് സ്വീകരി ക്കാൻ തയ്യാറാണോ എന്നുള്ളതാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി യിൽ നിന്നും ഞങ്ങൾക്കറിയേണ്ടത്.

ശ്രീ. സി. ദിവാകരൻ: ഞാൻ എവിടെപോയി പറയണം.

മി. സ്പീക്കർ: പറയാനുള്ളത് സഭയിൽ തന്നെയാണ്. പക്ഷേ അതൊരു Never ending ആയിട്ടല്ലല്ലോ. ഇവിടെയിരിക്കുന്ന എല്ലാ അംഗങ്ങളും അത് തീരുമാനിക്കട്ടെ. ഇത്തരം സന്ദർഭങ്ങളുണ്ടായാൽ നടപടി എടുക്കേണ്ടത് ഗവൺമെന്റാണ്. സ്പീക്കർ ഗവൺമെന്റിന്റെ ഭാഗമല്ല, പക്ഷേ നിയമസഭാംഗ ങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സ്പീക്കർക്ക് ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വത്തിന്റെ ഭാഗമെന്ന നിലയിലാണ് എല്ലാ ചട്ടങ്ങളും വിട്ട് ബഹു മാനപ്പെട്ട രണ്ട് എം.എൽ.എ.മാരുടെ കാര്യങ്ങൾ ഏത് സമയത്തും ചർച്ച ചെയ്യുവാൻ കഴിഞ്ഞ കുറെ ദിവസങ്ങളായി ഇത്രയും സമയം ചെയർ അനുവ ദിച്ചത്. ഞാൻ പറയേണ്ടതില്ല എന്നു കരുതിയതാണ്. ആശുപത്രിയിലായതിനു ശേഷം അവിടെപോയി രണ്ടു എം.എൽ.എ.മാരെയും ഞാൻ കണ്ടു. അവ രോട് സംസാരിച്ചു, വീട്ടിൽ പോയപ്പോൾ ടെലിഫോണിൽ വിളിച്ചു. അതിന പ്പുറം ഗവൺമെന്റ് ജുഡീഷ്യൽ എൻക്വയറിക്ക് ഓർഡർ ഇടുകയും ചെയ്തു. ജുഡീഷ്യൽ എൻക്വയറിയോട് നിങ്ങൾ സഹകരിച്ചില്ല എന്നുള്ളത് നിയമസഭാ സ്പീക്കറുടെ കൺസേണായി എടുക്കാൻ സാധ്യമല്ല. അതേസമയം ഗവൺമെന്റ് ഉത്തരവാദിത്വബോധത്തോടുകൂടി ഒരു അന്വേഷണത്തിന് ഉത്തര വിട്ടിരിക്കെ ആ അന്വേഷണത്തിന്റെ റിസൾട്ട് വരുന്നതുവരെ കാത്തിരിക്കേ ണ്ടിവരും. സഭ നടത്തിക്കൊണ്ടുപോകുന്നതിനു മാത്രമായി ചെയർ ശ്രദ്ധി ക്കുന്നു എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ഏതായാലും നിർഭാഗ്യകരമായിപ്പോയി. എം.എൽ.എ. മാരുടെ എല്ലാ അവകാശങ്ങളെയും സംരക്ഷിക്കുന്നതിനുള്ള ശ്രമത്തിൽ തന്നെയാണ് സ്പീക്കർ. അങ്ങനെതന്നെ യാണ് സ്പീക്കർ. പക്ഷേ ഓരോരുത്തരുടേയും ഉള്ളിലെ ആഗ്രഹമനുസരിച്ച് പ്രവർത്തിക്കാൻ ഒരു സ്പീക്കർക്കും സാധ്യമല്ല. പ്രതിപക്ഷ നേതാവ് സ്വാഭാ

വികമായും എം.എൽ.എ.മാരുടെ കാര്യം പറഞ്ഞത് ശരിയാണ്. ഞാൻ അദ്ദേഹത്തിന്റെ ഉത്തരവാദിത്വബോധത്തെ ബഹുമാനിക്കുന്നു. പക്ഷേ ആ പറച്ചിലിനിടയിൽ ക്ലബ്ബ് ചെയ്ത് സ്പീക്കറെകൂടി പരാമർശിക്കുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ് അച്ചുതാനന്ദൻ): അങ്ങ് ഈ സഭ നടത്തിക്കൊണ്ടുപോകുക എന്നുള്ള ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മറ്റുള്ള വിഷയത്തിലേയ്ക്ക് പോയി എന്നു പറഞ്ഞത് അങ്ങേയ്ക്ക് വേദന ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ഞാനത് പിൻവലിക്കുന്നു. അതേ സമയംതന്നെ എനിക്ക് പറയുവാനുള്ളത് ഇവരുടെ രണ്ടുപേരുടെയും കാര്യത്തിൽ ആഭ്യന്തരവകുപ്പു മന്ത്രിയോ മുഖ്യമന്ത്രിയോ ഇത് സംബന്ധിച്ച് യാതൊരു നിലപാടും സ്വീകരിക്കാത്തതുകൊണ്ട് ഈ സഭയുടെ വെല്ലിൽ, അവർ രണ്ടു പേരും ഇരിക്കണമെന്ന് ഞാൻ അവരോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

(ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവിന്റെ നിർദ്ദേശമനുസരിച്ച് ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീമതി ഗീതാ ഗോപി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിൽ ഇരുന്നു.)

മി. സ്പീക്കർ : യെസ്............യെസ്............സഭയുടെ നടുത്തളം സമരവേദി ആക്കരുതെന്ന് എന്റെ മുൻകാലങ്ങളിൽ ഇവിടെ വന്നിട്ടുള്ള നിയമസഭാ സ്പീക്കർമാരുടെ വ്യക്തമായ ഭാഷയിലുള്ള റൂളിംഗ് ഉണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. അത് പറയേണ്ടത് എന്റെ ഉത്തരവാദിത്വമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോടും പറയേണ്ട ചുമതല എനിക്കുണ്ട്. യെസ്.... .........യെസ്.......2000-ലെ റൂളിംഗ് ഉണ്ട്. നിങ്ങൾ റൂളിംഗ് കേൾക്കണം. ....... .......(ബഹളം)........ ആരു പറഞ്ഞു. ജനങ്ങൾ നിയമസഭയിലേയ്ക്ക് അയച്ചു

കഴിഞ്ഞാൽ ആ നിയമസഭാ ചട്ടങ്ങൾ അനുസരിക്കാൻ നിങ്ങൾ ബാധ്യസ്ഥരാണ്. ഇതനുസരിക്കാനാണ് ജനങ്ങൾ നിങ്ങളെ അയയ്ക്കുന്നത്. നോ.....നോ... ശ്രീ. സി. ദിവാകരൻ.....പ്ലീസ്....നോ..... നോ... അങ്ങേയ്ക്ക് മാത്രമായി പ്രത്യേകം അവകാശങ്ങളൊന്നുമില്ല. അത് പ്രതിപക്ഷ നേതാവിനെയുള്ളൂ. യെസ്...യെസ്. എന്റെ ഉത്തരവാദിത്വമാണ് ഈ റൂളിംഗ് വീണ്ടും വായിക്കേണ്ടത്. നിങ്ങൾക്ക് ഇതൊന്നും ബാധകമല്ലെങ്കിൽ ജനങ്ങൾ മനസ്സിലാക്കും. എന്റെ ഉത്തരവാദിത്വമാണ്. നോ....നോ...

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഞങ്ങൾക്ക് ചില ഉത്തരവാദിത്വങ്ങളുണ്ടെന്നുകൂടി ബഹുമാനപ്പെട്ട സ്പീക്കർ മനസ്സിലാക്കണം.

മി. സ്പീക്കർ : അത് സമ്മതിച്ചു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അവരെ നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ ശിക്ഷിക്കാനാണ് ഈ റൂൾ വായിക്കുന്നതെങ്കിൽ ബാക്കിയുള്ളവരും ഇതേ നിലപാട് സ്വീകരിക്കുക എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അങ്ങേയ്ക്ക് ബാക്കിയുള്ളവരെയും ശിക്ഷിപ്പിക്കാനുള്ള അവസരം ഉണ്ടാക്കിത്തരാൻ ഞങ്ങൾ സന്നദ്ധമാണെന്ന് അറിയിക്കുകയാണ്.

മി. സ്പീക്കർ : ഈ റൂളിംഗ് വായിക്കുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവെ, ആരെയും ശിക്ഷിക്കുന്നതിനു വേണ്ടിയൊന്നുമല്ല. ശ്രീ. എം. വിജയകുമാർ എന്റെ മുൻകാലത്ത് ഇവിടെയിരുന്ന നിയമസഭാ സ്പീക്കർ ഈ സഭയിൽ പറഞ്ഞ, അദ്ദേഹം ഉദ്ധരിച്ച ഒരു റൂളിംഗ് വായിക്കേണ്ടത് ഈ സമയത്ത് എന്റെ കടമയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആരെയും ശിക്ഷിക്കാൻ വേണ്ടിയല്ല. ഇതുവരെ ഇവിടെ ആരെയും ശിക്ഷിച്ചിട്ടില്ല.

1975-ൽ ഈ സഭയിൽ നടന്ന സംഭവത്തെത്തുടർന്ന് നടന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ സഭയ്ക്കുള്ളിൽ അനിശ്ചിതകാല സമരം ഒരു കീഴ്വഴക്കമായി അംഗീകരിച്ചാൽ സഭാ നടപടികൾ ഒരിക്കലും സുഗമമായി നടത്താൻ കഴിയില്ല. നിയമസഭ എന്നത് ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്. ജനാധിപത്യം സംരക്ഷിക്കുക മാത്രമല്ല ജനാധിപത്യത്തിൽ കീഴ്‌വഴക്കങ്ങൾ സൃഷ്ടിക്കേണ്ട ബാധ്യതയും ഈ സഭയ്ക്കുണ്ട്. അതുകൊണ്ട് ഇത്രയും ദൗർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷത്തിൽ നിന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പിന്തിരിയണമെന്നുള്ള പഴയ ഒരു സ്പീക്കറുടെ റൂളിംഗാണ് ഇവിടെ വായിച്ചത്. ഇതാരെയും ശിക്ഷിക്കാനുള്ളതല്ല. ....യെസ്....യെസ്....(ബഹളം) ......യെസ്.

**സ്കൂൾ വിദ്യാർത്ഥിനിയെ പീഡിപ്പിച്ച സംഭവം**

ശ്രീ. ആർ രാജേഷ് : സർ, മാവേലിക്കര പടനിലം ഹയർ സെക്കന്ററി സ്കൂളിൽ ................(ബഹളം).............

മി. സ്പീക്കർ : അതിനെ സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞു കഴിഞ്ഞു. അത് പറഞ്ഞു. അതിലപ്പുറം എനിക്ക് എന്താണ് പറയാൻ കഴിയുക?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഇതിനെ സംബന്ധിച്ച് ഒരു വാക്കു കൂടി പറയാം. ശ്രീ. ഹേമചന്ദ്രന്റെ റിപ്പോർട്ട് നടപ്പാക്കണമെന്ന് പറഞ്ഞാൽ ഗവൺമെന്റ് അത് തയ്യാറാണ്. പക്ഷേ, അതിൽ ശ്രീ. ഹേമചന്ദ്രനെ സസ്പെന്റ് ചെയ്യാൻ പറഞ്ഞിട്ടില്ല. അതിന് ഞങ്ങൾക്ക് എന്ത് ചെയ്യാൻ സാധിക്കും?

മി. സ്പീക്കർ : യെസ്...യെസ്...

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ആഭ്യന്തര വകുപ്പുമന്ത്രി ഈ കാര്യം സഭയോട് വിശദീകരിക്കാനാണോ പറഞ്ഞിരിക്കുന്നത്; എന്താണ് ഇതിൽ നിന്നും മനസ്സിലാക്കുന്നത്? .....(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് ആ റിപ്പോർട്ട് എടുത്ത് നോക്കൂ. അങ്ങ് ഇവിടെ ഒരു സെന്റൻസ് വായിച്ചല്ലോ? അങ്ങ് ഈ റിപ്പോർട്ട് വായിച്ചു നോക്കണം. അതിനകത്ത് ശ്രീ. ഹേമചന്ദ്രൻ, സസ്പെന്റ് ചെയ്യാൻ പറഞ്ഞിട്ടുണ്ടോ? ഇല്ലാത്ത കാര്യം എന്തിനാണ് പറയുന്നത്?

മി. സ്പീക്കർ : ഞാൻ ഒരു കാര്യം പറയാം. സാധാരണ വ്യത്യസ്തമായി സ്ത്രീകൾക്ക് ഇങ്ങനെ ഇരിക്കുന്നത് ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. അത് എല്ലാവരും മനസ്സിലാക്കണമെന്നാണ് ഞാൻ പറയുന്നത്. ഇങ്ങനെ ഇരിക്കുന്നത് ഒരു ബുദ്ധിമുട്ടുള്ള കാര്യമാണ്.

ശ്രീ. ആർ. രാജേഷ് : സർ, മാവേലിക്കര മണ്ഡലത്തിലെ പടനിലം ഹയർ സെക്കന്ററി സ്കൂളിൽ ആൻസി എന്ന വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കുറ്റവാളികളെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. ...(ബഹളം).....

മി. സ്പീക്കർ : ശ്രീ. ആർ രാജേഷ് സബ്മിഷൻ അവതരിപ്പിക്കുന്നുണ്ടോ? .............(ബഹളം)..........ഒരുപാട് ശബ്ദം ഉണ്ടാക്കുന്നതിന് നല്ല പാർലമെന്റേറിയന്റെ പേരൊന്നും കിട്ടുകയില്ല.

ശ്രീ. ആർ. രാജേഷ്: ആൻസി എന്ന വിദ്യാർത്ഥിനി ഇക്കഴിഞ്ഞ 3-ാം തീയതി ക്രൂരമായ ശാരീരിക പീഡനത്തിന് വിധേയയായിരിക്കുകയാണ്. പകൽ ബന്ധുവിന്റെ വീട്ടിലേയ്ക്ക് പോകുന്ന വഴിയിൽ നിന്നാണ് ബലമായി വാഹനത്തിൽ കയറ്റി കൊണ്ടുപോയി ഈ പെൺകുട്ടിയെ പീഡിപ്പിച്ചിരിക്കു

ന്നത്. പീഡനത്തിനുശേഷം പെൺകുട്ടിയെ വഴിയിൽ ഉപേക്ഷിച്ചുപോയി. മെഡിക്കൽ പരിശോധനയിൽ പെൺകുട്ടി പീഡനത്തിന് വിധേയയായി എന്നു തെളിഞ്ഞിരിക്കുകയാണ്. പെൺകുട്ടിയെ പീഡിപ്പിച്ചിരിക്കുന്നത് നൂറനാട് സ്വദേശിയായിട്ടുള്ള കുമ്പളൂർ വീട്ടിൽ ഷാജി എന്നു പറയുന്ന ഒരു സാമൂഹ്യവിരുദ്ധനാണ്. പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പൂജപ്പുര പോലീസ് കേസ് രജിസ്റ്റർ ചെയ്ത് മാവേലിക്കര സി.ഐ.-യ്ക്ക് ഈ കേസ്സിന്റെ അന്വേഷണ ചുമതല കൊടുത്തിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് പെൺകുട്ടിയെ പീഡിപ്പിച്ച് പത്ത് ദിവസമായിട്ടും അറസ്റ്റ് ചെയ്യാൻ കഴിയാത്ത പോലീസാണ് അങ്ങയുടെ പോലീസ് എന്നാണ്. പ്രതിയെ പിടിക്കാൻ കഴി ഞ്ഞില്ല എന്നുമാത്രമല്ല പ്രതിക്ക് എല്ലാ സംരക്ഷണവും അങ്ങയുടെ പോലീസ് കൊടുക്കുകയാണ്. ഈ പ്രതി അദ്ദേഹത്തിന്റെ കുടുംബവീട്ടിലുണ്ടെന്ന് ഒരു എം.എൽ.എ. എന്നുള്ള നിലയിൽ അവിടുത്തെ സി.ഐ.-യെ അറിയിച്ചിട്ടു പോലും ഒരു അന്വേഷണം നടത്താൻ അങ്ങയുടെ പോലീസ് തയ്യാറായിട്ടില്ല. ഷാജി നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണ്. ഈ ഷാജിക്ക് പോലീസ് എക്സ്കോർട്ടും പോലീസ് പ്രൊട്ടക്ഷനും അങ്ങയുടെ പോലീസ് കൊടുത്തിരിക്കുകയാണ്. ഒരു സാമൂഹ്യവിരുദ്ധന് പോലീസ് പ്രൊട്ടക്ഷനും പോലീസ് എക്സ്കോർട്ടും കൊടുക്കുന്ന ഒരു മന്ത്രിയായി അങ്ങ് മാറിയിരി ക്കുന്നു. നിരവധി ചെക്ക് കേസുകൾ, വൃദ്ധരായ ദമ്പതികളെ ആക്രമിച്ച തിന്റെ കേസുകൾ, ഒരു തൊഴിലുറപ്പ് പദ്ധതിക്ക് നേതൃത്വം കൊടുക്കുന്ന പട്ടിക ജാതിയിൽപ്പെട്ട സുമീഷ് കുമാർ എന്നു പറയുന്ന ഒരു പഞ്ചായത്ത് മെമ്പറെ ആക്രമിച്ച കേസ് ഇതിലൊന്നും ഷാജിയെ അറസ്റ്റ് ചെയ്തില്ല. എന്നാൽ ഷാജി കൊടുക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഷാജിക്ക് പോലീസ് സംരക്ഷണം കൊടുക്കുന്ന ഒരു ഗവൺമെന്റായി അങ്ങയുടെ

ഗവൺമെന്റ് മാറുകയാണ്. മാവേലിക്കര സി.ഐ. ഈ കേസ് അട്ടിമറിക്കാൻ ബോധപൂർവ്വമായി ശ്രമിക്കുകയാണ്, പെൺകുട്ടിയുടെ മാതാപിതാക്കളെ ഫോണിൽ വിളിച്ച് അദ്ദേഹം മൊഴി മാറ്റി പറയണമെന്ന് ആവശ്യപ്പെടുകയാണ്. ഈ സി.ഐ. മാവേലിക്കര പത്രസമ്മേളനം വിളിച്ച് പെൺകുട്ടിയുടെ മൊഴിയിൽ വൈരുദ്ധ്യം ഉണ്ടെന്ന് പറഞ്ഞ് പെൺകുട്ടിയെ അപമാനിക്കാൻ ശ്രമിക്കുന്നു. പാവം പിടിച്ച രണ്ട് എം.എൽ.എ. മാരെ കേരളനിയമസഭയുടെ മുന്നിൽ ആക്രമിച്ച അങ്ങയുടെ പോലീസ്, കേരളത്തിൽ ഒന്നേമുക്കാൽ വർഷക്കാലത്തിനിടയിൽ 1661 സ്ത്രീകളെ പീഡിപ്പിച്ചതിന് കൂട്ടുനിന്ന അങ്ങയുടെ പോലീസ്, നിരപരാധിയായ ഒരു പത്താംക്ലാസ് വിദ്യാർത്ഥിനിയായ ഒരു കൊച്ചു പെൺകുട്ടിയെ തെരുവിൽ പകൽ വെളിച്ചത്തിൽ പീഡിപ്പിച്ച കുമ്പളൂർ വീട്ടിൽ ഷാജി എന്നു പറയുന്ന ഒരു സാമൂഹ്യവിരുദ്ധനെ അറസ്റ്റ് ചെയ്യാൻ കഴിയാത്ത പോലീസ് നടപടി ലജ്ജാവഹമാണ്. ഈ ക്രിമിനലിനെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u> : സർ, റൂൾ 304 അനുസരിച്ച് ഒരു സിംഗിൾ ഇൻസ്റ്റൻസിനെക്കുറിച്ച് പരാമർശിക്കേണ്ടതാണ്. അതുകൊണ്ട് അദ്ദേഹം എഴുതിക്കൊടുത്ത ഇൻസ്റ്റൻസിനെക്കുറിച്ചുമാത്രം ഞാൻ പറയും. ബാക്കിയുള്ളത് അദ്ദേഹത്തിന്റെ വക സംഭാവനയായി അവിടെ കിടക്കട്ടെ. ആലപ്പുഴ നൂറനാട് സ്വദേശിനിയുടെ മകൾ 15 വയസ്സുള്ള പെൺകുട്ടിയെ 3-2-2013 തീയതി പകൽ 11.30 മണിയോടെ നൂറനാട് പുലിമേലുള്ള വീടിന് സമീപത്തുനിന്നും സമീപവാസിയായ ഷാജിയും കണ്ടാലറിയാവുന്ന ഒരു സ്ത്രീയും മറ്റൊരു പുരുഷനും ചേർന്ന് ഒരു ഓമ്നി വാനിൽ തട്ടിക്കൊണ്ടുപോയി. ഏതോ കായൽ തീരത്ത്

വച്ച് ശാരീരികമായി ദേഹോപദ്രവം ഏൽപ്പിക്കുകയും ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്തതായും ഈ പെൺകുട്ടി തിരുവനന്തപുരം പൂജപ്പുര ചിൽഡ്രൻസ് വെൽഫയർ ഹോമിലുണ്ടെന്നും 5-2-2013-ാം തീയതി വൈകുന്നേരം പൂജപ്പുര പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പൂജപ്പുര പോലീസ് സ്ഥലത്ത് എത്തി ചൈൽഡ് വെൽഫയർ ഹോം കമ്മിറ്റി മെമ്പർമാരായ ഡോ. സുജ, ഡോ. രശ്മി എന്നിവരുടെ സാന്നിദ്ധ്യത്തിൽ പെൺകുട്ടിയുടെ മൊഴി രേഖപ്പെടുത്തി. പൂജപ്പുര പോലീസ് സ്റ്റേഷനിൽ ഇൻഡ്യൻ ശിക്ഷാ നിയമം 366 (എ), 376, 506 പാർട്ട് 2, 323, 34 - പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ സെക്ഷ്വൽ ഒഫൻസസ് ആക്ട് 3 & 4 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 138/2013 ആയി 5-2-2013-ാം തീയതി വൈകുന്നേരം 7 മണിക്ക് കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് പെൺകുട്ടിയെ ചൈൽഡ് വെൽഫയർ ഹോമിൽ നിന്നും തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ കൊണ്ടുപോയി വൈദ്യപരിശോധന നടത്തിയതിനുശേഷം വഞ്ചിയൂർ അത്താണിയിൽ പാർപ്പിച്ചു. തുടർന്ന് ഈ കേസിന്റെ പ്രാഥമിക അന്വേഷണം മ്യൂസിയം സി.ഐ. നടത്തിയതിൽ കേസിനാസ്പദമായ സംഭവം നടന്നത് ആലപ്പുഴ ജില്ലയിലെ നൂറനാട് പോലീസ് സ്റ്റേഷൻ പരിധിയിലായതിനാൽ തുടർന്നുള്ള അന്വേഷണത്തിനായി കേസ് ഡയറി 6-2-2013-ാം തീയതി ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് കൈമാറി. നൂറനാട് പോലീസ് സ്റ്റേഷനിൽ ഈ കേസ് 173/2013 ആയി റീ-രജിസ്റ്റർ ചെയ്ത് മാവേലിക്കര സി.ഐ. അന്വേഷണം ആരംഭിച്ചു. കേസിലെ പ്രതികളായി പറഞ്ഞിരിക്കുന്നവരിൽ നൂറനാട് പഞ്ചായത്തിലെ 13 -ാം വാർഡിൽ ഷാജിയെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇയാളുടെ വീട്ടിലും മറ്റ് സ്ഥലങ്ങളിലും പരി

സരങ്ങളിലും പോയി പല പ്രാവശ്യം അന്വേഷണം നടത്തിയതിൽ ഒളിവി ലാണ് എന്ന് കണ്ടതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. മറ്റ് പ്രതികളെ തിരി ച്ചറിഞ്ഞിട്ടില്ല. ശാസ്ത്രീയമായ അന്വേഷണരീതികൾ അവലംബിച്ച് അന്വേ ഷണം ഊർജ്ജിതമാക്കി പ്രതികളെ എത്രയും വേഗം കസ്റ്റഡിയിൽ എടുക്കു വാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

<u>എസ്.എഫ്.ഐ. വിദ്യാർത്ഥിക്കുനേരെയുള്ള അക്രമം</u>

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:</u> സർ, എസ്.എഫ്.ഐ. വിമതനുനേരെ ടി.പി മോഡൽ അക്രമം ; ബിരുദ വിദ്യാർത്ഥി നരകയാതനയുമായി ആശുപ ത്രിയിൽ ; കണ്ണൂർ എസ്.എൻ. കോളേജിലെ കെ.പി. രജനീഷ്, സി. പി.ഐ.(എം)-കാർ ആക്രമിച്ച് രണ്ടുകാലും കയ്യും അടിച്ചുപൊട്ടിച്ചതിനാൽ കഴിഞ്ഞ 13 ദിവസമായി ആശുപത്രിയിലാണ്. ഈ ചെറുപ്പക്കാരൻ കണ്ണൂരിലെ എസ്.എഫ്.ഐ-യുടെ ജനറൽ ക്യാപ്റ്റൻ സ്ഥാനാർത്ഥിയായിരു ന്നു. എസ്.എൻ. കോളേജിനകത്ത് പുറത്തുനിന്നുള്ള ക്രിമിനലുകൾ വരു ന്നത് എതിർത്തതിന്റെ പേരിലാണ് ഈ പാവപ്പെട്ട വിദ്യാർത്ഥിയെ ആക്രമിച്ച ത്. കണ്ണൂരിൽ ടി.പി. ചന്ദ്രശേഖരൻ കൊലപാതകത്തിനുശേഷം അക്രമ രാഷ്ട്രീയത്തിനെതിരായി വലിയ ചർച്ച നടന്നിട്ടും കണ്ണൂരിലെ സി.പി.ഐ. (എം) മാറിയിട്ടില്ല. ഈ സംഭവം മാത്രമല്ല കോട്ടയത്തങ്ങാടിയിൽ മുഹമ്മദ് സിറാജ് എന്ന ചെറുപ്പക്കാരന്റെ കാലും കയ്യും അടിച്ചൊടിച്ചു. ഒരു മാസ മായി ഇയാൾ ആശുപത്രിയിലാണ്. ..........(ബഹളം).......ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നാട്ടിലാണ് ഈ സംഭവം നടന്നത്. ഈ വിധത്തിൽ ക്രൂര മായ അക്രമങ്ങൾ നടത്തുകയാണ്. രജനീഷിനെ ആക്രമിച്ചവരെ എത്രയും വേഗം അറസ്റ്റ് ചെയ്യണം. അവരെല്ലാം സി.പി.ഐ(എം) ഒരുക്കിയ ഒളിത്താവ

ളങ്ങളിലാണ്. അവരെ നിയമത്തിന്റെ മുന്നിൽകൊണ്ടുവരണം. കണ്ണൂരിലിപ്പോൾ താത്ക്കാലികമായി കൊല അവസാനിപ്പിച്ചു. പക്ഷെ കൊല്ലാക്കൊല ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ പോലീസ് ശക്തമായി ......... (മൈക്ക് ഓഫ്)............

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 01-02-2013 -ൽ ഉച്ചയ്ക്കുശേഷം 2.30-മണിയോടെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള താഴെചൊവ്വ, എരുമക്കുടി എന്ന സ്ഥലത്തുവച്ച് ബൈക്ക് ഓടിച്ചുവരികയായിരുന്ന കണ്ണൂർ എസ്.എൻ. കോളേജിലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിയായ എരുവേലി സ്വദേശി കെ.പി. രജനീഷിനെ എട്ട് എസ്.എഫ്.ഐ. പ്രവർത്തകർ ചേർന്ന് മുഖത്ത് മുളകുപൊടി എറിഞ്ഞു. നിയന്ത്രണംവിട്ട് ബൈക്ക് എതിരെവന്ന കാറിലിടിച്ച് റോഡിൽ വീണപ്പോൾ മേൽപ്പറഞ്ഞ എസ്.എഫ്.ഐ. പ്രവർത്തകർ കെ.പി. ജനീഷിനെ ഇരുമ്പ് പൈപ്പുകൊണ്ടും വടികൊണ്ടും രണ്ട് കാലുകളിലും അടിച്ച് പരുക്കേൽപ്പിക്കുകയും ഇരുമ്പുവടികൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. സംഭവം കണ്ട് നാട്ടുകാരെത്തിയതിനെത്തുടർന്ന് അക്രമികൾ സ്ഥലംവിട്ടു. തുടർന്ന് പരിക്കേറ്റ കെ.പി. ജനീഷിനെ നാട്ടുകാരിൽ ചിലർ ചേർന്ന് കണ്ണൂർ എ.കെ.ജി. സഹകരണ ആശുപത്രിയിൽ എത്തിച്ചു. ഈ സംഭവത്തിൽ കെ.പി. രജനീഷിന്റെ മൊഴി രേഖപ്പെടുത്തി. എസ്.എൻ. കോളേജ് വിദ്യാർത്ഥികളും എസ്.എഫ്.ഐ. പ്രവർത്തകരുമായ രജീഷ് എന്നറിയപ്പെടുന്ന ശേഖരൻ, ചേത്തൻ, ഷിബിൻ, റമീസ്, നിധീഷ് ശിവദാസ്, നിധിൻ ശിവദാസ്, അരാഫത്ത്, ഷെബിൻ എന്നിവരെ പ്രതിക

ളാക്കി ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 341, 324, 308, 149 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 162/2013 ആയി കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ ഈ കേസ്സിലെ പ്രതികളായ രജീഷ്, ചേത്തൻ, ഷിബിൻ, അരാഫത്ത് എന്നിവരെ 11-02-2013-ാം തീയതിയിൽ അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കി. കോടതി പ്രതികളെ 25-02-2013-വരെ റിമാൻഡ് ചെയ്തു. മറ്റ് നാല് പ്രതികൾക്കുവേണ്ടിയുള്ള അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. മുമ്പ് എസ്.എൻ. കോളേജിലെ എസ്.എഫ്.ഐ. സംഘടനയിൽ പ്രവർത്തിച്ചിരുന്ന കെ.പി. രജനീഷ് ഇപ്പോൾ എസ്.എഫ്.ഐ -യിൽ നിന്നും വിട്ടുനിന്നതിലുള്ള വിരോധംമൂലമാണ് എസ്.എഫ്.ഐ-ക്കാരായ പ്രതികൾ കെ.പി. രജനീഷിനെ ആക്രമിച്ച് പരിക്കേൽപ്പിച്ചതെന്ന് ഇതുവരെയുള്ള അന്വേഷണത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്.